# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.18 | No.1 | കാർത്തികപ്പള്ളി | R.No. 7361/02 | 2017 JANUARY

www.vedabhimani.com

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.


വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: **vedabhimani.com**

## ഒടുവിൽ അവരും സമ്മതിച്ചു



ക്രിസ്മസ് എന്ന വാക്ക് ഇനി പറയരുതെന്നും അതിനെ സാന്താക്ലോസും റെയിൻഡിയറും (കലമാൻ) വിഴുങ്ങിയെന്നും പ്രശസ്ത കത്തോലിക്കാ വൈദികൻ. ക്രിസ്മസ് എന്ന പദത്തിനിപ്പോൾ വിശുദ്ധാർഥം ഇല്ലെന്ന് എല്ലാ വിഭാഗം ക്രൈസ്തവരും തിരിച്ചറിയണമെന്നും ഐറിഷ് വൈദികനായ ഫാ. ഡെസ്മണ്ട് ഒഡോനെൽ. നമുക്കിപ്പോൾ ക്രിസ്മസ് ഇല്ലാതായി. ഉയിർപ്പുതിരുനാൾ നഷ്ടപ്പെട്ടതുപോലെ. ഇനി അങ്ങനെയൊരു വാക്കുതന്നെ ഉപേക്ഷിക്കുന്നതാണു നല്ലത്. ക്രിസ്മസിന്റെ അർത്ഥം കാലപ്രവാഹത്തിലെങ്ങോ ഒലിച്ചുപോയി. പോരാത്തതിന് അതിപ്പോൾ വാണിജ്യവൽക്കരിക്കപ്പെടുകയും ചെയ്തു -ഫാ. ഡെസ്മണ്ട് തുടർന്നു.

## ക്രൈസ്തവരെ ഇല്ലാതാക്കാൻ



ദക്ഷിണ ചൈനയിലെ യുഗാൻ കൗണ്ടിയിലെ ക്രൈസ്തവരുടെ വിശ്വാസം അടുത്ത മാർച്ചിനകം ഇല്ലാതാക്കാൻ ചൈന നടപടി തുടങ്ങി. ഇതിന്റെ ഭാഗമായാണ് വീടുകളിൽനിന്ന് മതചിഹ്നങ്ങൾ മാറ്റി പകരം പ്രസിഡന്റ് ഷി ചിൻപിംഗിന്റെ ഫോട്ടോ വയ്ക്കാൻ സർക്കാർ ഉത്തരവിറക്കിയിരിക്കുന്നത്.

ദാരിദ്ര്യ നിർമ്മാർജന പദ്ധതിയിൽ ആനുകൂല്യങ്ങൾ വേണമെങ്കിൽ തങ്ങളുടെ ഉത്തരവു പാലിക്കണമെന്ന് ക്രൈസ്തവ ഭവനങ്ങളിലെത്തി പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥർ പറഞ്ഞു. ചിത്രങ്ങൾ, സുവിശേഷ വാക്യങ്ങൾ, കുരിശുകൾ തുടങ്ങിയവ മാറ്റണമെന്നാണ് ഭരണകൂടത്തിന്റെ നിർദ്ദേശമെന്ന് ഹോങ്കോങ്ങിലെ സൗത്ത് ചൈന മോണിങ് പോസ്റ്റും റിപ്പോർട്ടു ചെയ്യുന്നു. വീടുകളിലുണ്ടായിരുന്ന മതഗ്രന്ഥങ്ങൾ, പെയിന്റിങ്ങുകൾ തുടങ്ങിയവ മാറ്റി ഷീ ചിൻപിംഗിന്റെ ചിത്രങ്ങൾ വോളണ്ടിയർമാർ സ്ഥാപിച്ചു.

ചൈനയിൽ ക്രിസ്ത്യാനികളുടെ എണ്ണം വർധിക്കുന്നതായി റിപ്പോർട്ടുണ്ട്. പാർട്ടി അംഗങ്ങളെക്കാൾ രാജ്യത്ത് ക്രിസ്ത്യാനികളുണ്ടെന്ന വാദം സജീവമാണ്. മതത്തിനെതിരായ പ്രചാരണം അടുത്ത മാർച്ച് വരെ തുടരുമെന്നു ഹുവാൻജിൻബു പീപ്പിൾ കോൺഗ്രസ് ചെയർമാൻ കി യാൻ അറിയിച്ചു.

## ഭവനദാതാവ്



ഇക്കാലത്ത് ഒരു പഞ്ചായത്തോ, എം.എൽ.എ.യോ, ഏതെങ്കിലും സംഘടനകളോ, പ്രത്യേകിച്ച് ആത്മീക പ്രസ്ഥാനങ്ങളോ, സമ്പന്നരായ വിശ്വാസികളോ ഏതെങ്കിലും പാവപ്പെട്ട കുടുംബത്തിന് വീടു പണിതു കൊടുത്താൽ തറക്കല്ലിടുന്നതു മുതൽ താക്കോൽ ദാനം വരെ എത്രയോ ഫോട്ടോകളും പരസ്യങ്ങളുമാണ് മാധ്യമങ്ങളിൽ വരുന്നത്. നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും രാഷ്ട്രീയക്കാരും മന്ത്രിമാർ മുതൽ പഞ്ചായത്തു മെമ്പർ വരെയും കാര്യസ്ഥന്മാരായി രംഗത്തുണ്ട്. അവസാനം ബന്ധപ്പെട്ട കുടുംബത്തിന്റെ ഗതികേടും ദാരിദ്ര്യാവസ്ഥയും നാലുപാടും വിളിച്ചുകൂവി അവരുടെ അഭിമാനവും അന്തസ്സും തല്ലിക്കെടുത്തി ആ കുടുംബത്തെ അങ്ങേയറ്റം തെണ്ടികളാക്കിയിട്ടാണ് മേൽപറഞ്ഞ വി.ഐ.പി.കൾ ആഘോഷപൂർവ്വമായി താക്കോൽദാനം നിർവ്വഹിക്കുന്നത്. ഇത്തരം പ്രക്രിയകൾ മൂലം പാവപ്പെട്ടവർ മനുഷ്യത്വരഹിതമായി ചൂഷണം ചെയ്യപ്പെടുകയും ഭവനദാതാക്കളുടെ യശസ്സ് ഉയരുകയും അവരുടെ സ്വാർത്ഥ ലക്ഷ്യം പൂവണിയുകയും ചെയ്യുന്നു. ദൈവനാമത്തിൽ കാരുണ്യപ്രവർത്തികളുടെ പേരിൽ പണം തട്ടിയെടുക്കുന്നതും ഇക്കൂട്ടത്തിൽപ്പെടുന്നു. എന്നാൽ കേരളത്തിൽ പാവപ്പെട്ടവർക്കായി രണ്ടായിരത്തി എഴുന്നൂറ് ഭവനങ്ങൾ നിർമ്മിച്ചു നൽകിയ റോബർട്ടച്ചനു ഇത്തരം പ്രഹസനങ്ങളെ അംഗീകരിക്കാൻ സാധിക്കുന്നില്ല. അച്ചനിൽ നിന്ന് ഭവനങ്ങൾ ലഭിച്ച ആരുടെയും പേരും ഊരും അച്ചൻ വെളിപ്പെടുത്തിയിട്ടില്ല.

ജീർണ്ണിച്ചുറഞ്ഞുകെട്ട് തേരട്ടകളും പഴുതാരകളും എട്ടുകാലികളും പാമ്പുകൾപോലും വിഹരിക്കുന്ന ഓലപ്പുരകളുടെയും കുടിലുകളുടെയും കീഴിൽ കുഴമണ്ണിൽ കീറപ്പായ് വിരിച്ചു കിടന്ന് അന്തിയുറങ്ങിയ കുടുംബങ്ങളുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിച്ചുകൊണ്ടാണ് അച്ചൻ അവരെ സഹായിച്ചത്. കഴിഞ്ഞ 33 വർഷങ്ങൾക്കിടെ കേരളത്തിലുടനീളം റോബർട്ടച്ചൻ ഭവനനിർമ്മാണം നടത്തിയിട്ടുണ്ട്. ഇതഃപര്യന്തം ആകെ 2700 ഭവനങ്ങൾ വിവിധ ഇടങ്ങളിൽ നിർമ്മിച്ച് 2700 കുടുംബങ്ങളെ അച്ചൻ പാർപ്പിച്ചിട്ടുണ്ട്. ഭവനങ്ങൾ ലഭിച്ച പല കുടുംബങ്ങളും അച്ചനെ കണ്ടിട്ടില്ല എന്നു മാത്രമല്ല നേരിട്ട് പരിചയം പോലുമില്ല എന്നതാണ് ഞങ്ങളെ അത്ഭുതപ്പെടുത്തിയ വസ്തുത. നന്ദിവാക്കുകൾക്കോ, മുഖസ്തുതിക്കോ നിന്നു കൊടുക്കാത്ത ഈ വലിയ മനുഷ്യസ്നേഹിക്ക് വേദാഭിമാനിയുടെ സ്നേഹ പ്രണാമം.

## അധാർമ്മിക പഠനം

ജനപ്പെരുപ്പമാണ് ഒട്ടുമിക്ക രാജ്യങ്ങളുടെയും വിഷയമെങ്കിൽ കുറഞ്ഞ ജനന നിരക്കാണ് ദക്ഷിണ കൊറിയ നേരിടുന്ന പ്രശ്നം. എന്നാൽ ജനന നിരക്ക് കൂട്ടാൻ ഇപ്പോൾ ദക്ഷിണ കൊറിയ സ്വീകരിച്ചിരിക്കുന്ന മാർഗത്തെ നെറ്റിചുളിച്ചേ നോക്കിക്കാണാനാവൂ.

ദക്ഷിണ കൊറിയയിലെ പുതുതലമുറക്കാർ വിവാഹത്തിൽ നിന്നും കുട്ടികളെ ജനിപ്പിക്കുന്നതിൽ നിന്നും അകന്നു നിൽക്കാൻ തുടങ്ങിയതോടെയാണ് സർക്കാർ പുതിയ നീക്കവുമായി രംഗത്തെത്തിയത്. ഇതിന്റെ ഭാഗമായി ഒരു വിവാദമായ കോഴ്സാണ് ഇപ്പോൾ ദക്ഷിണ



കൊറിയ ആരംഭിച്ചിരിക്കുന്നത്. ഇതിൽ ചേരുന്ന വിദ്യാർത്ഥികൾ മാസത്തിൽ മൂന്ന് സഹപാഠികളുമായെങ്കിലും ഒരുമിച്ച് ജീവിക്കണമെന്നത് നിർബന്ധമാക്കിയിരിക്കുകയാണ്. അതായത് ഡേറ്റിങ് ഇല്ലാത്തവർക്ക് ഇവിടെ അഡ്മിഷൻ ഇല്ലെന്ന് സാരം.

സിയോളിലെ ഡോൻഗുക്, ക്യോംഗ് ഹീ യൂണിവേഴ്സിറ്റികളാണ് ശ്രദ്ധേയമായ ഈ കോഴ്സുകൾ ആരംഭിച്ചിരിക്കുന്നത്. ഡേറ്റിംഗ്, ലൈംഗികത, സ്നേഹം തുടങ്ങിയവയിൽ അധിഷ്ഠിതമായ കോഴ്സാണിത്. പരമ്പരാഗത കുടുംബജീവിതത്തിൽ നിന്ന് അകന്ന് നിൽക്കുന്ന പുതുതലമുറയെ ഈ വക കാര്യങ്ങളിലേക്ക് ആകർഷിക്കുന്നതിന് വേണ്ടിയാണ് കോഴ്സ് ആരംഭിച്ചിരിക്കുന്നതെന്ന് ഈ യൂണിവേഴ്സിറ്റികൾ വ്യക്തമാക്കുന്നു.


### അടിച്ചങ്ങ് പൂസായി കുടിച്ചങ്ങ് ചാകാറായി

മദ്യപാനത്തിന്റെ ദൂഷ്യവശങ്ങളും പരിഹാരവും ചികിത്സാ നിർദ്ദേശങ്ങളും അടങ്ങിയ ലഹരിമുക്ത പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന വായനക്കാർക്ക് മികച്ച വായനാനുഭവം നൽകുന്ന സന്ദേശം

വേദാഭിമാനി പബ്ലിക്കേഷൻസ്



### യേശുക്രിസ്തു ഏകവഴി

യേശുക്രിസ്തു ആരെന്നും യഥാർത്ഥ വഴി ഏതെന്നും വ്യക്തമാക്കുന്ന ഉത്തമഗ്രന്ഥം. യേശുക്രിസ്തുവിനെക്കുറിച്ചുള്ള ടി.എസ്. വർഗ്ഗീസ് ഓതറയുടെ എക്കാലത്തെയും മികച്ച ഗ്രന്ഥങ്ങളിൽ ഒന്ന്.

വേദാഭിമാനി പബ്ലിക്കേഷൻസ്



### രക്ഷിക്കുന്ന ദൈവം

മതവും സുവിശേഷവും എന്തെന്ന് വ്യക്തമാക്കിക്കൊണ്ട് മതപരിവർത്തനം ആവശ്യമില്ലെന്നും മതത്തിലൂടെയല്ല ദൈവത്തിലൂടെ മാത്രമേ രക്ഷ സാധ്യമാകൂ എന്ന് വ്യക്തമാക്കുന്ന സുവിശേഷകർക്കും സുവിശേഷീകരണത്തിനും എവിടെയും പ്രയോജനപ്പെടുത്താവുന്ന ലഘുലേഖ.

വേദാഭിമാനി പബ്ലിക്കേഷൻസ്




## പുതുവർഷം പുതുജീവിതം

ഓരോ പുതുവത്സരം പിറക്കുമ്പോഴും ജീവിതമെന്ന പുസ്തകത്തിൽ നിന്നും ഒരു പേജ് കൊഴിഞ്ഞു എന്ന കാര്യം ഓർക്കാറുണ്ടോ? കർമ്മ പുസ്തകമെന്ന തുലാസിൽ നന്മയ്ക്കോ, തിന്മയ്ക്കോ ഏതു ഭാഗത്തിനാണ് ഭാരകൂടുതൽ? ജീവിതമെന്ന യാത്രയിൽ ചെയ്തുകൂട്ടിയതെന്തെന്നും ചെയ്യേണ്ടതെന്തെന്നും തിരിച്ചറിഞ്ഞോ? സമയ-രംഗബോധമില്ലാതെ കടന്നുവരുന്ന മരണത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? ജീവപുസ്തകത്തിൽ പേരുണ്ടോ? സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടോ? ജീവിതം കൊണ്ട് എന്തു സമ്പാദിച്ചു?.... ചിന്തിക്കുക.




ഈ പുതുവർഷം സ്വയം വിചാരണയ്ക്കുള്ളതാകട്ടെ.

## അറിയാനും പറയാനും

ദൈവം സത്യമോ, മിഥ്യയോ? പ്രപഞ്ചം ദൈവം സൃഷ്ടിച്ചു എന്നതിന് എന്താണ് തെളിവ്? ഏകനായ ദൈവം എങ്ങനെയാണ് മൂന്നു ദൈവമാകുന്നത്? ആദാമിന്റെ പാപം മനുഷ്യവർഗ്ഗത്തെ ബാധിക്കുന്നതെങ്ങനെ? മരണാനന്തര ജീവിതത്തിന് എന്ത് സാധ്യത? എന്തു യുക്തി? ആധുനീകയുഗത്തിൽ ബൈബിളിന് എന്ത് ആധികാരികതയും പ്രസക്തിയുമാണുള്ളത്? യേശു ദൈവമാകുന്നതെങ്ങനെ? ഇങ്ങനെയുള്ള ബൈബിൾ വിമർശകരുടെ ചോദ്യങ്ങൾക്കുള്ള മറുപടി എന്തെന്ന് അറിയാനും പറയാനും ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.


ടൈറ്റസ് കാർത്തികപ്പള്ളി
കേരള - 690516

✆ 9847232598
vedabhimani@gmail.com



| ചെയർമാൻ | ഡിറക്ടർ | വേദാഭിമാനി | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ -Rs.150 മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |

# പ്രലോഭനവും നമ്മുടെ ദൈവവും

പ്രലോഭനത്തിൽ അകപ്പെട്ട ഒരു ശിഷ്യന്റെ അനുഭവമാണ് പി. ഐ. ശങ്കരനാരായണന്റെ "ഇതു സുവർണാവസരം, പക്ഷേ അതും കഴിഞ്ഞാലോ" എന്ന കഥയിൽ വിവരിച്ചിരിക്കുന്നത്. ഗുരുവും ശിഷ്യനും ഒരു ദൂരയാത്രയ്ക്കു പുറപ്പെട്ടു. അത്ഭുത സിദ്ധികളുള്ളവരാണ് രണ്ടുപേരും. അവർ പൂജ ചെയ്താൽ അവിടെ സ്വർണ്ണമഴയോ, രത്നമഴയോ, മുത്തുമഴയോ പെയ്യും. അതോടെ ഈ സവിശേഷ സിദ്ധിയും ഇല്ലാതാകും. പിന്നീട് എഴുപതു വർഷങ്ങൾ കഴിഞ്ഞേ ഇങ്ങനെയൊന്നുണ്ടാകൂ. യാത്രക്കിടയിൽ വനത്തിൽവച്ച് അവരെ കൊള്ളക്കാർ പടികൂടി. പരിശോധന കഴിഞ്ഞ് അവരുടെ കൈവശം ഒന്നുമില്ലെന്നു മനസ്സിലാക്കിയപ്പോൾ സംഘാംഗങ്ങൾ നേതാവിനോട് അവരെ മോചിപ്പിക്കട്ടെ എന്നു ചോദിച്ചു. നേതാവ് പറഞ്ഞു. വേണ്ട. ഒരാൾ പോയി പണം കൊണ്ടുവരട്ടെ. അതുവരെ മറ്റെയാളെ തടവിലാക്കാം. അവർ ശിഷ്യനെ പിടിച്ചുകെട്ടി. ഗുരു പണം കൊണ്ടുവരാൻ ഗ്രാമത്തിലേക്കു പോയി. യാത്ര പുറപ്പെടും മുമ്പ് ഗുരു ശിഷ്യനെ ഓർമ്മിപ്പിച്ചു. കുഞ്ഞേ, വിശിഷ്ടമായ ആ യാഗം ഇന്നാണെന്ന് നിനക്കറിയാമല്ലോ. പക്ഷേ നീ ഒരു പ്രലോഭനത്തിനും അടിമപ്പെടാതെ സൂക്ഷിക്കണം. അതു പ്രയോഗിച്ചാൽ പല കുഴപ്പങ്ങളും ഉണ്ടാകും. ശിഷ്യൻ സമ്മതിച്ചു. പക്ഷേ അധികം കഴിയുന്നതിനു മുമ്പ് ഗുരുവിന്റെ വാക്കുമറന്ന് ശിഷ്യൻ അവർക്കായി പൂജ നടത്തി സ്വർണ്ണമഴ പെയ്യിച്ചു. കിട്ടിയ സ്വർണ്ണവുമായി കടന്നു കളഞ്ഞ കൊള്ളക്കാരെ മറ്റൊരു സംഘം എതിരിട്ടു. അപ്പോൾ അവർ പറഞ്ഞു, ഞങ്ങളെ ഉപദ്രവിക്കണ്ട. പിന്നാലെ വരുന്ന യുവാവ് മന്ത്രശക്തിയാൽ ആകാശത്തു നിന്ന് സ്വർണ്ണം പെയ്യിക്കുന്നവനാണ്. അവനെ പിടിച്ചാൽ മതി. രണ്ടാമത്തെ സംഘം ശിഷ്യന്റെ അടുത്തെത്തി പറഞ്ഞു. ഞങ്ങൾക്കും സ്വർണ്ണമഴ പെയ്യിച്ചു തരൂ. ശിഷ്യൻ പറഞ്ഞു. ഇനി എഴുപതു വർഷങ്ങൾക്ക് ശേഷമേ അത്തരം ഒരു മുഹൂർത്തമുള്ളൂ. അതിനാൽ ഇപ്പോൾ സാധ്യമല്ല. കോപാക്രാന്തരായ കൊള്ളക്കാർ ശിഷ്യനെ വധിച്ചു. ഗ്രാമത്തിൽ നിന്ന് പലരോടും ചോദിച്ചു വാങ്ങിയ പണവുമായി തിരിച്ചെത്തിയ ഗുരു കണ്ടത് ശിരസ്സറ്റു കിടക്കുന്ന ശിഷ്യന്റെ ശരീരമാണ്.



പ്രലോഭനങ്ങൾ ആകർഷകങ്ങളാണ്. പലപ്പോഴും നിരുപദ്രവം എന്നും തോന്നും. പക്ഷേ, അതിനു വഴികൊടുത്താൽ അതിന്റെ തിക്ത ഫലം അനുഭവിക്കേണ്ടി വരും. പ്രലോഭനങ്ങളെയും, അതിന്റെ ദൂഷ്യഫലങ്ങളേയും കുറിച്ച് വ്യക്തമായ അറിവുണ്ടായിരുന്നതിനാൽ അവയെ അതിജീവിക്കുന്ന യേശുവിനെയാണ് സുവിശേഷത്തിൽ കാണുന്നത്.

മറ്റൊരു പ്രലോഭനം, ദൈവത്തെക്കുറിച്ച് നാം എന്ത് ചിന്തിക്കുന്നു എന്നുള്ളതാണ്. ഒരു ഗോപുരത്തിൽ നിന്നും ചാടാൻ കഴിയാത്തവൻ ദൈവപുത്രനാണോ...? ഈ ചോദ്യം ക്രിസ്തുവിന്റെ ജീവിതാന്ത്യത്തിലും ചോദിക്കപ്പെടുന്നു. നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്നു ഇറങ്ങി വരിക. ക്രിസ്തുവിൽ വെളിപ്പെടുന്ന ദൈവത്തിന്റെ മുഖമെന്താണ്...?

നമ്മുടെ സങ്കല്പങ്ങളിൽ നിന്നുള്ള ഒരു ദൈവത്തെ രൂപപ്പെടുത്തുവാനാണ് നമുക്കിഷ്ടം. അതാണെങ്കിൽ നാം പറയുന്നതെല്ലാം നടക്കണം. എന്നാൽ ക്രിസ്തുവിൽ തെളിഞ്ഞ ദൈവം അതല്ല. മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗത്തിന്റെ ശൃംഗങ്ങളിൽ നിന്നും മരണത്തിന്റെ പാതാളത്തിലേക്ക് എടുത്തു ചാടുന്ന സ്നേഹമാണ് ദൈവം. ആ സ്നേഹത്തിലേക്ക് എടുത്തു ചാടാമെങ്കിൽ നമ്മുടെ പാദങ്ങൾ തെറ്റാതെ ആ സ്നേഹം നമ്മെ സംരക്ഷിച്ചുകൊള്ളും.

ഒരു പീഡാസഹനവുമില്ലാതെ ലോകത്തിന്റെ മുഴുവൻ അധിപനാക്കാമെന്ന് പിശാച് വാഗ്ദാനം ചെയ്യുകയാണ്. യേശു ആ പ്രലോഭനത്തെ നിരസിക്കുന്നു. പീലാത്തോസിന്റെ ചോദ്യം ഇപ്പോഴും ആവർത്തിക്കപ്പെടുന്നു. ബറാബാസിനെയാണോ യേശുവിനെയാണോ ആവശ്യം. ജനം ഉത്തരം നൽകി, ബറാബാസിനെ (ലൂക്കോ. 23:17,18). ഈ ചോദ്യത്തിന് ഇന്നും പ്രസക്തിയുണ്ട്. ദൈവത്തെയോ മാമോനെയോ എന്നതാണ് ഇന്നത്തെ പ്രസക്തമായ ചോദ്യം. പ്രയാസങ്ങളും പ്രതികൂലങ്ങളും ഞെരുക്കങ്ങളും വരുമ്പോൾ സാത്താന്റെ പ്രലോഭനങ്ങളിൽ നാം അകപ്പെട്ടുപോകുന്നു. മനുഷ്യൻ നേരിട്ടതും നേരിടുന്നതുമായ എല്ലാ പ്രലോഭനങ്ങളേയും അതിജീവിച്ച യേശു നമുക്ക് എല്ലാറ്റിനും മാതൃകയായിരിക്കണം. നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ വേണ്ടവണ്ണം അറിയാതെയും ജീവിതത്തിൽ അനുഭവം ഇല്ലാത്തതിനാലുമാണ് പ്രലോഭനങ്ങളിലും ചതിക്കുഴിയിലും നാം അകപ്പെട്ടുപോകുന്നത്.

ഉയിർത്തെഴുന്നേറ്റ ക്രിസ്തു തിബേരിയാസ് കടൽത്തീരത്ത് ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ അവരുടെ നിരാശയും ആകുലതയും നീങ്ങിപ്പോയി (യോഹ. 21:1-14). ക്രിസ്തുവിന്റെ നിർദേശപ്രകാരം വലയിട്ടപ്പോൾ അവർക്ക് വല നിറയെ വലിയ മത്സ്യങ്ങൾ പിടിക്കാൻ കഴിഞ്ഞു. അവരുടെ അധ്വാനമെല്ലാം സഫലമായിത്തീർന്നു. ഉത്ഥിതനായ ക്രിസ്തു നമ്മുടെ ശുശ്രൂഷകളെ ഫലമണിയിച്ചുകൊണ്ട് നമ്മുടെ കൂടെയുണ്ട്. നാം തളരുമ്പോൾ നമുക്കുവേണ്ടി വിരുന്നൊരുക്കി അവിടുന്ന് കാത്തിരിക്കും. ക്രിസ്തുവിന്റെ കരുതലുള്ള സ്നേഹവും ഫലദായകമായ സാന്നിധ്യവും തിരിച്ചറിഞ്ഞ് പ്രലോഭനങ്ങളെ അതിജീവിച്ചു മുന്നേറാൻ നമുക്കു സാധിക്കണം.

ഉത്ഥിതനായ ക്രിസ്തു മരണത്തിനപ്പുറത്തുള്ള നിത്യജീവിതത്തെക്കുറിച്ചുള്ള പ്രത്യാശ നമുക്ക് നൽകുന്നു. മരണഭയം നമ്മിൽനിന്ന് നീങ്ങുമ്പോൾ ഇഹലോകജീവിതത്തെ ഗൗരവമായെടുത്ത് പ്രലോഭനങ്ങളെ അതിജീവിച്ച് പ്രത്യാശപൂർവം ജീവിക്കാൻ നമുക്ക് കഴിയും. ഉത്ഥിതനായ ക്രിസ്തു സകലവും നവീകരിക്കുന്നു; എല്ലാ ജീർണതകളെയും നിർമാർജനം ചെയ്യുന്നു. 'ഇതാ ഞാൻ സകലതും നവീകരിക്കുന്നു' (വെളി. 21:5). ഈ പുതുക്കവും നവീകരണവുമാണ് പുതുവർഷത്തിൽ നമുക്ക് അനിവാര്യമായിരിക്കുന്നത്.

# ജീവിതയാത്രയും അതിന്റെ അന്ത്യവും

വെസ്‌ലി സിക്കിളും റോബർട്ട് കുപ്ഫെർഷ്മിഡും സുഹൃത്തുകളായിരുന്നു. അവർ ഒരു ദിവസം രണ്ടു സീറ്റു മാത്രമുള്ള ഒരു ചെറിയ സെസ്ന വിമാനത്തിൽ അമേരിക്കയിലെ ഇൻഡ്യാനപൊളിസ് നഗരത്തിൽനിന്ന് അറുപതു മൈൽ അകലെയുള്ള മൺസി എന്ന പട്ടണത്തിലേക്കു യാത്രയായി. അവിടെയുള്ള ഒരു റെസ്റ്ററന്റിൽ ഉച്ചഭക്ഷണം കഴിക്കുകയായിരുന്നു ലക്ഷ്യം. വിമാനം അയ്യായിരം അടി ഉയരത്തിൽ പറക്കുന്ന സമയം. അമ്പത്തിരണ്ടുകാരനായ സിക്കിൾ ആയിരുന്നു വിമാനം പറത്തിയിരുന്നത്. പെട്ടെന്ന് പൈലറ്റ് നിശ്ചലനായി. അപ്രതീക്ഷിതമായി മരണം അയാളെ കവർന്നെടുത്തു. തൊട്ടടുത്തിരുന്ന എൺപത്തൊന്നുകാരനായ സുഹൃത്ത് അതുകണ്ടു ഞെട്ടി. എന്താണു സംഭവിച്ചതെന്നറിയാതെ അദ്ദേഹം അങ്ങനെ പകച്ചിരിക്കുമ്പോൾ വിമാനം നിയന്ത്രണം വിട്ടു താഴേക്കു കൂപ്പുകുത്തുവാൻ തുടങ്ങി.



കുപ്ഫെർഷ്മിഡിനു വിമാനം പറത്തി പരിചയമില്ലായിരുന്നു. എങ്കിലും അദ്ദേഹം വിമാനത്തിന്റെ കൺട്രോൾ പെട്ടെന്ന് ഏറ്റെടുത്തു. അതിനു പിന്നാലെ വിമാനത്തിന്റെ റേഡിയോ ഓൺ ചെയ്ത് അദ്ദേഹം സഹായം അപേക്ഷിച്ചു. അപ്പോൾ മൈക്ക് ബോവൻ എന്നൊരാൾ ഇരുപതുമൈലകലെയായി വിമാനം പറപ്പിക്കുകയായിരുന്നു. റേഡിയോ സന്ദേശം കേട്ട ബോവൻ അതിവേഗം സെസ്ന വിമാനത്തിനടുത്തു പറന്നെത്തി അതു പറപ്പിക്കുവാനുള്ള നിർദേശങ്ങൾ നൽകി. കുപ്ഫെർഷ്മിഡിനു താൻ എന്താണു ചെയ്യുന്നത് എന്നു വലിയ പിടിയില്ലായിരുന്നു. എങ്കിലും ബോവൻ നല്കിയ നിർദേശങ്ങൾ അക്ഷരംപ്രതി പാലിച്ചു. അങ്ങനെ ഉയർന്നും താഴ്ന്നും അദ്ദേഹം അടുത്തുള്ള മൗണ്ട് കംഫർട്ട് എയർപോട്ടിനടുത്തെത്തി. ഇതിനകം ഒരു സെസന വിമാനം അവിടെ എമർജൻസി ലാൻഡിംഗിനു തയാറാകുന്നു എന്ന വിവരം ബോവൻ എയർപോർട്ട് അധികാരികളെ അറിയിച്ചിരുന്നു. ബോവൻ തന്റെ ചെറോക്കി പൈപ്പർ വിമാനത്തിലിരുന്നു സെസ്ന ലാൻഡു ചെയ്യുവാനുള്ള നിർദേശങ്ങൾ കുപ്ഫെർഷ്മിഡിനു നൽകി. അപ്പോൾ, അപകടമുണ്ടായാൽ ഉടൻ നടപടികൾ സ്വീകരിക്കാൻ വേണ്ടി എയർ എൻജിനും ആംബുലൻസും അവിടെ അതിവേഗം എത്തിയിരുന്നു. ബോവൻ നൽകിയ നിർദേശം സ്വീകരിച്ചു വിമാനം നിയന്ത്രിച്ച കുപ്ഫെർഷ്മിഡ് അപകടം കൂടാതെ അതു നിലത്തിറക്കി. അപ്പോൾ അവിടെ കൂടിയിരുന്നവർ കൈയടികളോടെ അദ്ദേഹത്തെ സ്വീകരിച്ചു. ഈ സംഭവം നടന്നതു 1998 ജൂൺ 17-ന് ആയിരുന്നു. ഇതുപോലെ ഒരു സംഭവം 2012 ഏപ്രിൽ രണ്ടിന് അമേരിക്കയിൽ തന്നെയുള്ള വിസ്കോൺസിനിൽ സംഭവിക്കുകയുണ്ടായി. എൺപത്തൊന്നു വയസുള്ള ജോൺ കോളിൻസ് അദ്ദേഹത്തിന്റെ എൺപതുകാരിയായ ഭാര്യ ഹെലനോടൊപ്പം ഫ്ളോറിഡയിൽനിന്നു വിസ്കോൺസിനിലേക്കു വിമാനം പറപ്പിക്കുകയായിരുന്നു. വിസ്കോൺസിനിലുള്ള സ്റ്റർഗിയോൺ ബേ എന്ന സ്ഥലത്തിനടുത്തെത്തിയപ്പോൾ ജോൺ കോളിൻസ് അബോധാവസ്ഥയിലായി. അപ്പോൾ 2500 അടി ഉയരത്തിലായിരുന്നു വിമാനം പറന്നിരുന്നത്. നിയന്ത്രണം നഷ്ടപ്പെട്ട വിമാനം താഴേക്കു പതിക്കുമ്പോൾ ഹെലൻ അതിവേഗം അതിന്റെ നിയന്ത്രണം ഏറ്റെടുത്തു. മുപ്പതുവർഷം മുൻപ് മറ്റൊരു മോഡൽ വിമാനം പറത്തിയ ഒരു പാരമ്പര്യം ഹെലനുണ്ടായിരുന്നു. തന്മൂലം മനഃസാന്നിധ്യം നഷ്ടപ്പെടുത്താതെ അടുത്തുള്ള വിമാന കൺട്രോൾ ടവറുമായി ഹെലൻ ബന്ധം സ്ഥാപിച്ചു. വിമാനത്തിന്റെ കൺട്രോൾ ഹെലൻ ഏറ്റെടുത്ത് ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ചെറിലാൻഡ് എയർപോർട്ടിൽ ലാൻഡ് ചെയ്യുവാൻ അവർക്കു സാധിച്ചു. അപ്പോഴേക്കും ജോൺ മരണമടഞ്ഞിരുന്നു. സെസ്ന വിമാനം പറപ്പിച്ചിരുന്ന സിക്കിൾ മരണമടഞ്ഞപ്പോൾ വിമാനത്തിന്റെ നിയന്ത്രണം ഏറ്റെടുത്ത കുപ്പ് ഫെർഷ്മിഡിന് ഒരേയൊരു ആഗ്രഹവും പ്രാർത്ഥനയും മാത്രമേ ഉണ്ടായിരുന്നുള്ളൂ-അപകടം കൂടാതെ വിമാനം ലാൻഡു ചെയ്യുക. പൈലറ്റു സീറ്റിലിരുന്ന തന്റെ ഭർത്താവ് ബോധരഹിതനായപ്പോൾ കൂടെയുണ്ടായിരുന്ന ഹെലനും ഒരേയൊരു ആഗ്രഹവും പ്രാർത്ഥനയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അപകടം കൂടാതെ വിമാനം ലാൻഡ് ചെയ്യുക. അവർ രണ്ടുപേരുടെയും ആഗ്രഹവും പ്രാർത്ഥനയും അതു മാത്രമായിരുന്നു. ഈ മേഖലയിൽ വിദഗ്ധരായവരുടെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കിയതുകൊണ്ട് അവർക്കതു സാധിക്കുകയും ചെയ്തു. അതുപോലെ നമ്മുടെ ജീവിതയാത്രയുടെ അവസാനം വിജയകരമായി ലാൻഡ് ചെയ്യുന്നതിനാവശ്യമായ നിർദേശങ്ങൾ അടങ്ങിയ ദൈവവചനം ദൈവം നമുക്കു നൽകിയിട്ടുണ്ട്. അവിടന്നു നമുക്കു നൽകുന്ന നിർദേശങ്ങൾ പാലിച്ചു ജീവിക്കുവാൻ നമുക്കു സാധിച്ചാൽ നമ്മുടെ ജീവിതയാത്രയും ഈ ലോകത്തിലെ അതിന്റെ അന്ത്യവും പരിപൂർണമായ വിജയത്തിലെത്തുമെന്നതിൽ സംശയം വേണ്ട.




## വര തെളിഞ്ഞപ്പോൾ



വർഷം 1919. അമേരിക്കയിലെ കാൻസാസ് സിറ്റി സ്റ്റാർ എന്ന പത്രത്തിന്റെ ഓഫീസ്. എഡിറ്ററുടെ മുന്നിൽ തല കുനിച്ചുനിൽക്കുകയാണ് ആ ചെറുപ്പക്കാരൻ. പുതിയതായി അവിടെ ജോലിക്ക് വന്നതായിരുന്നു അയാൾ.

“നോക്കൂ മിസ്റ്റർ, നിങ്ങൾ വരയ്ക്കുന്ന ചിത്രങ്ങളെല്ലാം നിർജീവങ്ങളാണ്. പുതിയ ഒരു ഐഡിയയും നിങ്ങളിൽ ഇല്ല. ഇത്രയ്ക്കും സർഗശക്തിയില്ലാത്ത നിങ്ങൾക്ക് ഇവിടെ ജോലിക്ക് അപേക്ഷിക്കാൻ എങ്ങനെ തോന്നി എന്നതാണ് എനിക്ക് അത്ഭുതം!”, എഡിറ്റർ ആ യുവാവിനെ കണക്കിന് പരിഹസിച്ചു.

“എന്തായാലും ഇതുവരെ കുത്തിവരച്ചതിനുള്ള പ്രതിഫലം നിങ്ങൾക്ക് തരുന്നുണ്ട്. അതും വാങ്ങി ഇന്നുതന്നെ സ്ഥലം വിട്ടോളണം. കേട്ടല്ലോ.”

ആ പാവം ചെറുപ്പക്കാരൻ അന്നുതന്നെ അവിടം വിട്ടു. അയാൾ പിന്നീട് പല ബിസിനസുകളും ചെയ്ത് പൊട്ടി പാപ്പരാവുകയും കടക്കെണിയിൽ വീഴുകയും ചെയ്തു. ഒടുവിൽ അയാൾ ഹോളിവുഡിൽ ഭാഗ്യം പരീക്ഷിക്കാൻ തുനിഞ്ഞിറങ്ങി.

വർഷം 1985. പഴയ കാൻസാസ് സിറ്റി സ്റ്റാർ പത്രത്തിന്റെ മേൽക്കമ്പനിയായ അമേരിക്കൻ ബ്രോഡ്കാസ്റ്റിങ് കമ്പനിക്ക് പുതിയ ഉടമസ്ഥൻ വന്നിരിക്കുന്നു. മറ്റാരുമായിരുന്നില്ല അത്. 66 വർഷം മുമ്പ് മോശം ചിത്രങ്ങൾ വരച്ചതിന്റെ പേരിൽ പത്രത്തിൽ നിന്നും തലകുനിച്ചുകൊണ്ട് ഇറങ്ങിപ്പോയ അതേ ചെറുപ്പക്കാരൻതന്നെ. അദ്ദേഹത്തിന്റെ പേര് പറഞ്ഞാൽ കൂട്ടുകാർക്കും നല്ല പരിചയം തോന്നും.

അതെ, ലോകത്തിലെ ഏറ്റവും പ്രശസ്തമായ കാർട്ടൂൺ കഥാപാത്രങ്ങളെ സൃഷ്ടിച്ച അതുല്യ കലാകാരനായ വാൾട്ട് ഡിസ്നി ആയിരുന്നു അത്. അപ്പോഴേക്കും അദ്ദേഹത്തിന്റെ വാൾട്ട് ഡിസ്നി കമ്പനി ലോകപ്രശസ്തമായിക്കഴിഞ്ഞിരുന്നു.

## മഹാനായ വിമോചകൻ



ഒന്നിലധികം രാജ്യങ്ങൾക്ക് സ്വാതന്ത്ര്യം നേടിക്കൊടുക്കാൻ പരിശ്രമിക്കുക, അതിൽ നാല് രാജ്യങ്ങളുടെ രാഷ്ട്രത്തലവനാകുക-അസാമാന്യമായ മനോധൈര്യവും നിശ്ചയദാർഢ്യവും ഉള്ള ഒരാൾക്കു മാത്രം സാധിക്കുന്ന കാര്യങ്ങൾ.

തെക്കേ അമേരിക്കയിലെ ആറ് രാജ്യങ്ങളെ അധിനിവേശ ശക്തികളിൽനിന്ന് മോചിപ്പിച്ച് സ്വാതന്ത്ര്യത്തിന്റെ മധുരം നൽകിയ ആ വ്യക്തിയാണ് സൈമൺ ബൊളിവർ!

‘സൈമൺ ജോസ് അന്റോണിയോ ഡി ലാസാന്റിസിമ ട്രിനിഡാഡ് ബൊളിവർ പലാഷിയോസ്’ എന്നാണ് മുഴുവൻ പേര്.

## പതിനാറുകാരന്റെ ശമ്പളം

പതിനാറു വയസുകാരനായ ചണ്ഡിഗഢ് സ്വദേശിയെ ഗൂഗിൾ ജോലിക്കെടുത്തു. വാർഷിക ശമ്പളം 1.44 കോടി രൂപ.

ഹർഷിത് ശർമയെന്ന കൗമാരക്കാരൻ ഈ മാസമൊടുവിൽ അമേരിക്കയിൽ ഗൂഗിളിന്റെ ഡിസൈനിങ് ടീമിന്റെ ഭാഗമാകുമെന്നാണു റിപ്പോർട്ടുകൾ. ചണ്ഡീഗഢ് ഗവ. മോഡൽ സീനിയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥിയാണു ഹർഷിത്. ആദ്യ ഒരു വർഷത്തെ പരിശീലന കാലയളവിൽ മാസം നാലുലക്ഷമാണ് ശമ്പളം. പരിശീലനം പൂർത്തിയാകുന്നതോടെ ഇത് മാസം 12 ലക്ഷമാകും.






## എഡിസന്റെ പാട്ട്



ഗ്രാമഫോൺ എന്ന പാട്ടുപെട്ടി കണ്ടുപിടിച്ചത് തോമസ് ആൽവാ എഡിസൺ ആണെന്ന് കൂട്ടുകാർക്ക് അറിയാമല്ലോ. തുടക്കത്തിൽ ഇത് ഫോണോഗ്രാഫ് എന്നാണ് അറിയപ്പെട്ടിരുന്നത്. 1877-ലാണ് എഡിസൺ ഇത് നിർമിക്കുന്നത്. ഈ ‘ഒച്ച പിടിക്കൽ യന്ത്ര’ത്തിനോട് അദ്ദേഹത്തിന് വലിയ ഇഷ്ടമായിരുന്നു.

ഫോണോഗ്രാഫിൽ അദ്ദേഹം ആദ്യമായി റെക്കോഡ് ചെയ്തത് താൻതന്നെ പാടിയ ഒരു പാട്ടാണ്. ‘മേരിക്കുണ്ടൊരു കുഞ്ഞാട്...’ എന്ന പ്രശസ്ത ഗാനത്തിന്റെ ഇംഗ്ലീഷ് രൂപം. പാടുന്നതിനേക്കാൾ അതിന്റെ വരികൾ എഡിസൺ പറയുന്നത് പോലെയാണ് അതു കേട്ടാൽ തോന്നുക.

## ഇംഗ്ലീഷുകാരന്റെ കാറ്റ്!



കാറ്റിന് ഇംഗ്ലീഷിൽ ‘Wind’ എന്നു പറയും അല്ലേ? എന്നാൽ എല്ലാ കാറ്റും ‘വിൻഡ്’ അല്ല. കരുത്ത്, സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ കാറ്റിനെ പലതായി തിരിച്ചിട്ടുണ്ട്.

Storm കൊടുങ്കാറ്റും tempest ചുഴലിക്കൊടുങ്കാറ്റുമാണ്. ഇളം കാറ്റിന് breeze, gentle, wind എന്നൊക്കെ പറയും. Blast, torrid wind എന്നിവ ഉഷ്ണക്കാറ്റാണ്. Cyclone, hurricane, tornado തുടങ്ങിയവയാകട്ടെ ചുഴലിക്കാറ്റുമാണ്.

കാറ്റ് വീശുമ്പോൾ പഴങ്ങൾ പൊഴിയുന്നത് കണ്ടിട്ടില്ലേ? അങ്ങനെ വീഴുന്ന പഴങ്ങൾക്ക് ഇംഗ്ലീഷിൽ പറയുന്നത് ‘wind fall’ എന്നാണ്. പക്ഷേ, യുദ്ധം ജയിച്ചു വരുന്ന ഒരു പടയാളിയോട് പറയുമ്പോൾ വിൻഡ്ഫോളിന് മറ്റൊരർത്ഥമാണ്. അതറിയാൻ ഈ കഥയൊന്നു കേട്ടു നോക്കൂ:

ഇംഗ്ലണ്ടിലെ രാജാവായിരുന്നു ഹാരോൾഡ്. അദ്ദേഹത്തെ തോൽപിച്ച് വൈക്കിങ് എന്ന കടൽക്കൊള്ളക്കാരുടെ തലവനായ വില്യം, ‘കിങ്വില്യം-1’ എന്ന പേരിൽ ഇംഗ്ലണ്ടിലെ രാജാവായി. ഹാരോൾഡുമായുള്ള യുദ്ധത്തിൽ വിജയിച്ചു തിരികെ വന്ന വില്യമിനെ സഹോദരനായ റോബർട്ട് ആശംസിച്ചത് ഇപ്രകാരമായിരുന്നു.

“God heard my prayer that you may get a wind fall” (നിനക്ക് ഒരപ്രതീക്ഷിത ഭാഗ്യം ലഭിക്കട്ടെയെന്നുള്ള എന്റെ പ്രാർത്ഥന ദൈവം കേട്ടു.)

കണ്ടില്ലേ? ഇവിടെ windfall ഉപയോഗിച്ചിരിക്കുന്നത് Surprising gift അല്ലെങ്കിൽ unexpected luck എന്ന അർഥത്തിലാണ്. അതായത് അപ്രതീക്ഷിതമായി കൈവന്ന ഒരു ഭാഗ്യം! അല്ലാതെ ‘പഴങ്ങൾ പൊഴിഞ്ഞു കിട്ടട്ടെ’ എന്ന ഉദ്ദേശ്യത്തിലല്ല! കേവലമൊരു കടൽക്കൊള്ളക്കാരന് ഇംഗ്ലണ്ടിന്റെ രാജാവാകാൻ കഴിഞ്ഞത് പ്രതീക്ഷിക്കാത്ത സൗഭാഗ്യം തന്നെയല്ലേ?

‘We should be prepared to meet the worst, should hope for the wind fall’ പ്രതികൂല സാഹചര്യങ്ങളെ നേരിടാനുള്ള തയ്യാറെടുപ്പുകൾ നടത്തിയാൽ അപ്രതീക്ഷിത നേട്ടങ്ങൾ പ്രതീക്ഷിക്കാം!’ എന്നാണ് ഇതിന്റെയർത്ഥം.

## സ്വന്തം രാജ്യം




ഭൂമിയിലെ എല്ലാ രാജ്യങ്ങളും മനുഷ്യർ ഉണ്ടാക്കിയതാണ്. എങ്കിൽ നമുക്കും ഒരു രാജ്യമുണ്ടാക്കിയാൽ എന്താ കുഴപ്പം? ഇങ്ങനെ ചിന്തിച്ചവർ ലോകത്തിന്റെ പല ഭാഗത്തും സ്വന്തം രാജ്യങ്ങൾ ഉണ്ടാക്കി അവിടം സ്വയം ഭരിച്ച് സുഖമായി കഴിയുന്നുണ്ട്! അധികമാരും അംഗീകരിക്കാത്ത കുഞ്ഞൻ രാജ്യങ്ങൾ! പക്ഷേ, ഇവരൊട്ടും നിസ്സാരക്കാരല്ല! ഇതിൽ പല രാജ്യങ്ങളും അവരുടേതായ കറൻസിവരെ ഇറക്കുന്നുണ്ട്. മിക്ക രാജ്യങ്ങൾക്കും ദേശീയപതാകയുമുണ്ട്. വമ്പൻ രാജ്യങ്ങളുടെ പേടിപ്പിക്കലൊന്നും വകവയ്ക്കാതെ ആ രാജ്യങ്ങളുടെ അകത്താണ് കുഞ്ഞു രാജ്യങ്ങളുടെ കിടപ്പ്!

**എന്റെ രാജ്യം:** ബ്രിട്ടീഷുകാരനായ ജൊനാതൻ ഓസ്റ്റന് പത്തുവർഷം മുമ്പ് പെട്ടെന്നൊരു തോന്നൽ. സ്വന്തമായൊരു രാജ്യം വേണം! പിന്നെ വൈകിയില്ല, അദ്ദേഹം തന്റെ പേരിലുള്ള ഒരു ചതുരശ്ര കിലോമീറ്റർ സ്ഥലം രാജ്യമായി പ്രഖ്യാപിച്ചു! രാജ്യത്തിന്റെ പേര് ഓസ്റ്റനേഷ്യ! സംഗതി തമാശയാണെന്നാണ് ആദ്യമൊക്കെ എല്ലാവരും കരുതിയത്. പക്ഷേ, വൈകാതെ കളി കാര്യമായി. ജൊനാതന്റെ ബന്ധുക്കളും കുടുംബക്കാരുമൊക്കെയായി നൂറോളം പേര് ‘പുതിയ രാജ്യ’ത്ത് താമസമുണ്ടായിരുന്നു. ഇവർക്കൊക്കെ ജൊനാതൻ ഓസ്റ്റനേഷ്യയുടെ പാസ്പോർട്ടു നൽകി. ഇവരെല്ലാം ബ്രിട്ടീഷ് സർക്കാരിന് നികുതി അടയ്ക്കുന്നത് നിർത്തി. തീർന്നില്ല, പുതിയ രാജ്യത്തിന് പതാകയും ദേശീയഗാനവും ഉണ്ടാക്കി. (തുടരും)

# ക്രൈസ്തവ ജീവിതവും താലന്തിന്റെ വ്യാപാരവും



## ജീവവചനം 2

ടി.എം. വർഗ്ഗീസ് ഓതറ

സ്വന്തം കഴിവിലുള്ള ആശ്രയത്വത്തേക്കാൾ കഴിവുകൾ നിക്ഷേപിച്ച യജമാനനോടുള്ള സ്നേഹവും സമർപ്പണവുമാണു ക്രിയാത്മകതയിൽ നിറഞ്ഞു നിൽക്കേണ്ടത്. അഞ്ചും രണ്ടും താലന്തു ലഭിച്ചവർ ദൈവം നൽകിയ കഴിവുകളെയും കൃപയെയും വ്യർഥമാക്കിയില്ല. തങ്ങൾക്കു ദാനമായി കിട്ടിയവയെ വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്തു.

ഒരു താലന്ത് ലഭിച്ചവൻ ദൈവത്തെ വിതയ്ക്കാത്തിടത്തു നിന്നു കൊയ്യുന്നവനും വിതറാത്തിടത്തു നിന്നു ശേഖരിക്കുന്ന ക്രൂരനായിട്ടാണു സങ്കൽപ്പിച്ചത്. ലഭിച്ചതു കുറഞ്ഞുപോയി എന്നു ചിന്തിച്ചു ദൈവത്തെ പഴിചാരി ജീവിക്കുന്നവരാണു ഒരു താലന്ത് ലഭിച്ചവർ. ഒരു താലന്ത് ലഭിച്ചവർ കഴിവുകളെ വളർത്തുവാനോ കൃപയ്ക്കൊത്തു ജീവിക്കുവാനോ പരിശ്രമിക്കുന്നില്ല. മോശയുടെ നിയമം തിന്മ ചെയ്യുന്നവരെ കുറ്റം വിധിക്കുന്നു. എന്നാൽ യേശുവിന്റെ നിയമം നന്മ ചെയ്യാത്തവരെക്കൂടി കുറ്റക്കാരനായി എണ്ണുന്നു. അങ്ങനെയെങ്കിൽ ലഭിച്ച കഴിവുകളെ വർധിപ്പിക്കാതെയും കൃപയ്ക്കൊത്തു ജീവിക്കാതെയും ഇരിക്കുന്നതാണു ഏറ്റവും വലിയ കുറ്റമെന്നു ഉപമ ഓർമിപ്പിക്കുന്നു.

ദൈവം നൽകിയ താലന്ത് ക്രിയാത്മകമായി വിശ്വസ്തതാപൂർവം വിനിയോഗിക്കുന്നുവെങ്കിൽ ദൈവം സമ്മാനമായി നിത്യരക്ഷ പ്രദാനം ചെയ്യും. ഇരട്ടിയാക്കി തിരികെ നൽകിയപ്പോൾ യജമാനൻ പറഞ്ഞു: “കൊള്ളാം നല്ലവനും വിശ്വസ്തനുമായ ഭൃത്യാ അല്പകാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ അനേക കാര്യങ്ങൾ നിന്നെ ഞാൻ ഭരമേൽപ്പിക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു നീ പ്രവേശിക്കുക.” ദൈവം നൽകിയ കഴിവുകളെയും അവസരങ്ങളെയും നന്നായി വിനിയോഗിക്കുകയും കൃപയും അനുഗ്രഹവുമനുസരിച്ചു ജീവിക്കുകയും ആധ്യാത്മിക ജീവിതത്തിൽ അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുന്നവരെ ദൈവം വിശ്വസ്തരായി പരിഗണിക്കുന്നു. വിശ്വസ്തതാപൂർവം ജീവിക്കുന്നവരെ ദൈവം അനേകകാര്യങ്ങൾ ഭരമേൽപ്പിക്കുകയും ചെയ്യുന്നു. വചനം നമ്മെ പഠിപ്പിക്കുന്നതു ദുഷ്ടനും മടിയനുമായ ഭൃത്യനിൽ നിന്നുള്ളത് എടുക്കപ്പെടുകയും നല്ലവരും വിശ്വസ്തരുമായ ഭൃത്യർക്കു കൂടുതൽ നൽകുകയും ചെയ്യുമെന്നാണ്. “ഉള്ളവനു നൽകപ്പെടും. അവനു സമൃദ്ധിയുണ്ടാവുകയും ചെയ്യും. ഇല്ലാത്തവനിൽ നിന്നു ഉള്ളതുപോലും എടുക്കപ്പെടും.” ഈ ലോക സമ്പത്തുള്ളവനു വീണ്ടും ലഭിക്കും എന്ന വാഗ്ദാനമല്ല, മറിച്ചു ദൈവത്തിന്റെ അനുഗ്രഹം കൂടുതൽ ലഭിക്കുന്നതു വിശ്വസ്തരായിരിക്കുന്നതിലൂടെയാണു എന്നത്രെ. അഞ്ചും രണ്ടും താലന്ത് ലഭിച്ച ഭൃത്യന്മാർ കഴിവുകളും കൃപയും നൽകിയ ദൈവത്തോടു വിശ്വസ്തരായിരുന്നു. തൽഫലമായി ദൈവം അവരെ വീണ്ടും അനുഗ്രഹിച്ചു; അനേകം കാര്യങ്ങൾ അവരെ ഭരമേൽപ്പിക്കുകയും ചെയ്തു.

വിശ്വസ്തതാപൂർവം ജീവിക്കുന്നവർക്കു ദൈവം യജമാനന്റെ സന്തോഷത്തിൽ പ്രവേശിക്കുവാനുള്ള അവകാശം നൽകുമെന്നു യേശു ഉദ്ബോധിപ്പിക്കുന്നു. വിധിദിവസത്തിൽ മനുഷ്യപുത്രൻ പ്രതാപത്തോടുകൂടെ വിധിയാളായി തിരിച്ചുവരുമ്പോൾ താന്താങ്ങളുടെ പ്രവൃത്തിക്കനുസരിച്ചു ഓരോരുത്തരും വിധിക്കപ്പെടും. “നിന്റെ യജമാനന്റെ സന്തോഷത്തിൽ പ്രവേശിക്കുക” എന്നതു യഥാർത്ഥത്തിൽ ദൈവത്തോടൊപ്പമുള്ള സന്തോഷമാണു സൂചിപ്പിക്കുന്നത്. അതുപോലെതന്നെ അന്ധകാരത്തിലേക്കു തള്ളിക്കളയുക എന്നു പറയുന്നതു കേവലം ലോകാധികാരിയുടെ വാക്കുകളല്ല. മറിച്ചു അന്ത്യവിധിനാളിൽ വിധികർത്താവായി വരുന്ന യേശുവിന്റെ വാക്കുകളാണ്. ആയതിനാൽ എത്ര താലന്തുകൾ ലഭിച്ചു എന്നതിലല്ല, ലഭിച്ച താലന്ത് എങ്ങനെ വിനിയോഗിച്ചു എന്നതാണു പ്രധാനം. യേശുനാഥൻ പങ്കുവച്ച ദൈവരാജ്യസത്യങ്ങളോടും സുവിശേഷത്തോടും ക്രിയാത്മകമായി പ്രതികരിക്കുവാൻ നാം തയ്യാറാകുന്നില്ലെങ്കിൽ അവന്റെ രണ്ടാം ആഗമനത്തിൽ നാം ശിക്ഷാവിധിക്കു അർഹരാകും. അതിനാൽ നമ്മിൽ ചൊരിയപ്പെട്ടിരിക്കുന്ന ആത്മീയവും ഭൗതീകവുമായ നന്മകളേയും അനുഗ്രഹങ്ങളേയും വ്യാപാരം ചെയ്തു പലമടങ്ങായി യജമാനനു തിരികെ കൊടുക്കാൻ നമുക്കു പരിശ്രമിക്കാം.



## എതിരാളിയും യുദ്ധതന്ത്രങ്ങളും

സാത്താൻ ഏതു നിമിഷവും ഊടാടി സഞ്ചരിച്ചുകൊണ്ടിരിക്കുകയാകുന്നു. അതിന്റെ പിന്നിൽ അവനു വലിയ ഉദ്ദേശമുണ്ട്. വെറുതെയല്ല അവൻ ചുറ്റിത്തിരിഞ്ഞു നടക്കുന്നത്. അവന്റെ പ്രധാന ലക്ഷ്യം മനുഷ്യനെ ദൈവത്തിങ്കൽ നിന്നും അകറ്റുക എന്നുള്ളതുതന്നെ. ദൈവസന്നിധിയിൽ വ്യക്തി ജീവിതങ്ങൾ കടന്നുവരാതിരിക്കുവാൻ വേണ്ടതായ കരുക്കൾ അവൻ എപ്പോഴും നീക്കിക്കൊണ്ടിരിക്കും. കൂടാതെ മനുഷ്യരുടെ സമാധാനവും സന്തോഷവും നശിപ്പിക്കുക എന്നുള്ളതും അവന്റെ അജൻഡയിൽപ്പെടുന്ന കാര്യമാകുന്നു.

അപ്പൊസ്തലനായ പത്രൊസ് തന്റെ ലേഖനത്തിൽ നൽകുന്ന മുന്നറിയിപ്പു ശ്രദ്ധിക്കൂ: നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു (1 പത്രൊ. 5:8).




അവന്റെ സ്വഭാവത്തിന്റെ പ്രത്യേകത നോക്കുക. അലറുന്ന സിംഹം ആണിവൻ. ആരെയാണ് വിഴുങ്ങേണ്ടത് എന്ന ആഗ്രഹത്തോടെ ഏതു നിമിഷവും ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ജീവിതങ്ങളെ കുടുക്കുവാനും കെണിയിൽ അകപ്പെടുത്തുവാനും കഴിവും സാമർത്ഥ്യവും പ്രാപിച്ച മികവുറ്റ തന്ത്രശാലിയും കുബുദ്ധിയുമാണ് ഇവൻ. അവന്റെ ആരംഭവും ഈ ശക്തിയുമെല്ലാം അവന് എങ്ങനെ ലഭിച്ചു എന്നുള്ളതു നാം മനസ്സിലാക്കി. എങ്ങനെയാണ് അവൻ നമ്മെ ഉപദ്രവിക്കുന്നത് എന്നു തുടർന്നു ചിന്തിക്കാം.

## ആക്രമിക്കുന്നതിനുള്ള അവന്റെ കഴിവ്

സാത്താൻ ഒരു ദൂതനായിരുന്നതുകൊണ്ട് താൻ വലിയ ശക്തനാണ് എന്നു നാം ആദ്യമേ കണ്ടുവല്ലോ. മാത്രമല്ല, അവൻ ജഡരക്തങ്ങളോടു കൂടിയവൻ അല്ല. ജഡരക്തങ്ങളോടുകൂടിയ വ്യക്തികൾക്കു മാത്രമേ പരിമിതികൾ ഉള്ളൂ. ജഡീകർക്ക് സമയവും ദൂരവും പ്രതിബന്ധങ്ങളാണ്. അവയെ അതിജീവിക്കുവാൻ വേഗംകൊണ്ടു കഴിയുമെങ്കിലും ഒരു പരിധിവരെ മാത്രമേ അതിനും സാധിക്കൂ. ജഡത്തിന്റെ ഘടനയിൽ ആത്മാവിന്റെ സ്വാതന്ത്ര്യം ഇല്ല. ദൈവാത്മാവും അശുദ്ധാത്മാക്കളും സൂക്ഷ്മശരീരികളാണ്. അവർക്ക് ജഡീക പ്രതിബന്ധങ്ങൾ ബാധകമല്ല, അവർ സ്വതന്ത്രരാണ്. ദൂതന്മാർക്ക് ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്ക് അതിവേഗത്തിൽ സഞ്ചരിക്കുവാൻ കഴിയുന്നതുപോലെ സാത്താനും സഞ്ചാര സ്വാതന്ത്ര്യവും വേഗതയും ഉണ്ട്.

ഒരു ദൂതനിലുള്ള കഴിവുകൾ എല്ലാം അവനിൽ ഉണ്ട് എന്നുള്ള കാര്യം മറന്നു പോകരുത്. പത്രൊസിനെ കാരാഗൃഹത്തിൽ അടച്ചപ്പോൾ ഒന്നും രണ്ടും മൂന്നും വാതിലുകളിൽ കാവൽ ഉള്ളപ്പോഴും അടഞ്ഞു കിടന്ന കാരാഗൃഹത്തിന്റെ ഉള്ളിൽ ദൂതൻ കടന്നുചെന്നു! സാത്താനും ഈ ദൂതനെപ്പോലെ ഏത് അടഞ്ഞുകിടക്കുന്ന സ്ഥാനത്തും കടന്നുചെല്ലുവാൻ പ്രാപ്തനാണ്. അവൻ സൂക്ഷ്മജീവിയാണ്. നമ്മുടെ ആത്മാവിലും കടന്നുവരുവാൻ അവനു കഴിയും.

അതു മാത്രമല്ല, എവിടെയും കയറിച്ചെല്ലുവാനുള്ള തന്ത്രം അവനിൽ ഉണ്ട്. ഇയ്യോബ് 1:6–ൽ ദൈവത്തിന്റെ പുത്രന്മാർ കൂടിയിരുന്ന സ്ഥലത്ത് പിശാച് കയറിച്ചെന്നതായി നാം വായിക്കുന്നു. എന്നാൽ ദൈവദൂതന്മാർപോലും തന്നെ പെട്ടെന്ന് തിരിച്ചറിയുന്നതായി കാണുന്നില്ല! സാഹചര്യത്തിനൊത്ത് വേഷം മാറുന്നതിൽ വളരെ കഴിവുള്ളവനാണ് അവൻ. ദൈവദൂതന്മാരുടെ വേഷവും ഭാഷയും നന്നായി അറിയുക മാത്രമല്ല, അതു കൈകാര്യം ചെയ്യുകയും ചെയ്തിരുന്ന തനിക്ക് ദൈവദൂതന്മാരുടെ കൂട്ടത്തിൽ കയറിച്ചെല്ലുവാൻ യാതൊരു ബുദ്ധിമുട്ടും വന്നില്ല.

യുഗായുഗങ്ങളായുള്ള പരിചയമാണ് തനിക്കുള്ളത്. ഇതിനിടയിൽ തന്റെ ലക്ഷ്യത്തിൽ നിന്നു അല്പംപോലും അവൻ പിന്മാറിയതായി കാണുന്നില്ല! എത്ര അധ്വാനിച്ചാലും കഷ്ടപ്പെട്ടാലും അവസാനം പരാജയം മാത്രമാണ് എന്നു പൂർണബോധ്യം ഉണ്ടായിട്ടുപോലും വിശ്രമമില്ലാതെ താൻ അധ്വാനിക്കുകയാകുന്നു! പല പ്രാവശ്യം തോൽവി രുചിച്ചതാണ്. പക്ഷേ അല്പംപോലും പിന്മാറാതെ പൂർവാധികം ശക്തിയോടെ മുന്നേറുകയാണ്. കാരണം എന്താണ്? നമ്മെ വീഴിക്കുവാൻ പ്രയാസമില്ലെന്നവനറിയാം. നമ്മിൽ ഒരു വലിയ കൂട്ടം തെറ്റി ഉഴന്നു നടക്കുന്നത് അവനറിയാം. അവരെ കുടുക്കുകയാണ് ലക്ഷ്യം.

ഭൂമിയിൽ മാത്രമല്ല സ്വർഗത്തിലും അവൻ നല്ല പരിചയസമ്പന്നൻ ആണ് എന്നു നാം മനസ്സിലാക്കി. ചിലരൊക്കെ ജോലിക്കുവേണ്ടി അപേക്ഷ കൊടുക്കുമ്പോൾ, സ്വദേശത്തും വിദേശത്തും ജോലിചെയ്തു പരിചയമുണ്ട് എന്ന് എഴുതും. അതുപോലെ പിശാചിനും ലോകം മുഴുവനും പ്രവർത്തിച്ച പരിചയസമ്പത്തുണ്ട്. ഇവന്റെ പ്രവൃത്തിപാടവത്തെക്കുറിച്ച് ഒന്നുരണ്ടു കാര്യങ്ങൾ ചിന്തിക്കാം.

അതതു ചുറ്റുപാടുകളിൽ സംസാരിക്കുന്ന ഭാഷ ഉപയോഗിക്കുവാൻ തനിക്കറിയാം. കർത്താവ് ദേവാലയത്തിൽ ചെന്നപ്പോൾ ഭൂതബാധിതനായ ഒരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. അവൻ അവിടെ ഇരുന്നു ബഹളമുണ്ടാക്കുകയോ സഭ അലങ്കോലപ്പെടുത്തുകയോ ഒന്നും ചെയ്തതായി കാണുന്നില്ല. അവിടെ അവൻ പറഞ്ഞതു ശ്രദ്ധിക്കുക: “നീ ആരെന്നു ഞാൻ അറിയുന്നു. അത്യുന്നതനായ ദൈവത്തിന്റെ പുത്രനായ നീ പരിശുദ്ധൻ തന്നെയാകുന്നു.” ദേവാലയത്തിൽ പറയുന്ന അതേ ഭാഷ! കാരണം, അനേക നാളുകൾ അവൻ ആരാധിച്ചുകൊണ്ടിരുന്നതാണ്, ആരാധനയ്ക്കു നേതൃത്വം കൊടുത്തവൻ ആണ്. അതുകൊണ്ട് അവിടെ ഉപയോഗിക്കുന്ന ഭാഷ നന്നായി അവനറിയാം. തന്നെപ്പോലെ വേഷം മാറുവാനും ഭാഷ മാറുവാനും കഴിവും പരിചയവുമുള്ള വേറാരും ഇല്ല (തുടരും).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# പഴയനിയമത്തിൽ പരിച്ഛേദന, പുതിയനിയമത്തിൽ സ്നാനം

**വേദപണ്ഡിതരെന്നഭിമാനിക്കുന്നവരുടെ വചന വിരുദ്ധമായ പ്രസ്താവനകളുടെ പൊളിച്ചെഴുത്താണിത്.**

**പേരും, വിമർശനവും ഒഴിവാക്കിക്കൊണ്ടുള്ള മാതൃകാപരവും വസ്തുതാപരവുമായ വചന പഠനം.**

**നിങ്ങൾക്ക് ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞുകളഞ്ഞതിനാൽതന്നെ കൈകൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു (കൊലോ. 2:11).**

ദൈവം അബ്രഹാമിനു കൊടുത്ത വാഗ്ദാനങ്ങളിൽ പ്രത്യേക പ്രാധാന്യമുള്ളതായിരുന്നു പരിച്ഛേദന. അവൻ പരിച്ഛേദനക്കാരുടെ ദൈവം ആയിരിക്കുമെന്ന് ദൈവം യിസ്രായേലിനോട് പറഞ്ഞിരുന്നു (ഉല്പ. 17:7-13). ആ വാഗ്ദാനം പരിച്ഛേദനയേൽക്കാത്ത എബ്രായ കുട്ടികളിലേക്കോ അല്ലെങ്കിൽ ജാതികളുടെ കുട്ടികളിലേക്കോ വ്യാപിപ്പിച്ചിരുന്നില്ല; അവർ വാഗ്ദാന ഉടമ്പടിയുടെ പുറത്തായിരുന്നു (എഫെ. 2:11-13). പരിച്ഛേദനയേൽക്കാത്ത എല്ലാ എബ്രായരേയും യിസ്രായേലിൽനിന്നു ഛേദിച്ചു കളയണമായിരുന്നു (ഉല്പ. 17:14). പുതിയനിയമത്തിൻ കീഴിൽ, ദൈവം, സ്നാനത്താൽ ആത്മീയ പരിച്ഛേദനയേറ്റവരുടെ ദൈവമാണ്. സ്നാനം ഏൽക്കുമ്പോൾ, നാം ദൈവത്തിന്റെ മക്കളാകുകയും, അബ്രഹാമിനു ദൈവം കൊടുത്ത വാഗ്ദത്തത്തിന്റെ അവകാശികളായി തീരുകയും ചെയ്യുന്നു (ഗലാ. 3:26-29).



ആത്മികവും ഭൗതികവും തമ്മിലുള്ള താരതമ്യമാണ് കൊലോസ്യർ 2:11 മുതൽ 13 വരെയുള്ള ഭാഗത്ത് അടങ്ങിയിരിക്കുന്നത്. ആദ്യം, പൗലൊസ് ഭൗതികവും ആത്മികവുമായ പരിച്ഛേദന താരതമ്യം ചെയ്തിരിക്കുന്നു.

കൊലൊസ്യർ ക്രിസ്തുവിലായി തീർന്നത്, ക്രിസ്തുവിനാൽ ആത്മീയ പരിച്ഛേദന ഏറ്റതിനാലായിരുന്നു. അത് "കൈകൊണ്ടല്ലാത്ത" പരിച്ഛേദനയാണ്. ഇത് യിസ്രായേൽ കൈകൊണ്ട് ഏറ്റ പരിച്ഛേദനയ്ക്ക് വിരുദ്ധമാണ്. കൊലോസ്യർ സ്നാനമേറ്റ് ക്രിസ്ത്യാനികളായത് കൈകൊണ്ടല്ലാ എന്ന് പൗലൊസ് പറഞ്ഞതായി മനസിലാക്കരുത്, മറിച്ച് അവരുടെ പാപസംബന്ധമായ ശരീരം ഉരിഞ്ഞു കളഞ്ഞത് കൈകൊണ്ടല്ല എന്നാണ് പൗലൊസ് അർത്ഥമാക്കിയത്. കൊലൊസ്യർ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റു അവനോടുകൂടെ അടക്കപ്പെടുകയും ഉയർത്തെഴുന്നേൽക്കുകയും ചെയ്തപ്പോൾ, ജഡശരീരം നീക്കം ചെയ്യുന്ന ദൈവത്തിന്റെ പ്രവൃത്തി അവിടുന്ന് ചെയ്തു.

യെഹൂദ പരിച്ഛേദന ജഡത്തിന്റെ അഗ്രചർമ്മമാണ് ഛേദിച്ചുകളഞ്ഞതെങ്കിൽ, ക്രിസ്തുവിന്റെ പരിച്ഛേദനയായ സ്നാനം പാപത്തിന്റെ കുറ്റത്തെയാണ് നീക്കം ചെയ്യുന്നത്. "സ്നാനത്തിൽ അനുഭവപ്പെടുന്ന ആത്മീയമായ പരിച്ഛേദന ദൈവത്തിന്റെ പ്രവൃത്തിയാണ് എന്നായിരുന്നു പൗലൊസ് ഊന്നി പറഞ്ഞത്."

"ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞു കളഞ്ഞു" (കൊലോ.2:11). ഗ്രീക്ക് നാമം അപെക്ഡുസിസ് "നീക്കം ചെയ്യൽ" ഇവിടെ മാത്രമാണ് കാണുന്നത്. ഈ വാക്കിന്റെ ക്രിയാരൂപം മറ്റൊരു സ്ഥലത്ത് പൗലൊസ് തന്നെ ഉപയോഗിച്ചത് തർജിമ ചെയ്തിരിക്കുന്നത് "ആയുധവർഗം വെപ്പിച്ചു" എന്നും (2:15), "ഉരിഞ്ഞുകളഞ്ഞു" എന്നുമാണ് (3:9).

വസ്ത്രം ഉരിഞ്ഞു കളയുന്ന രൂപകാലങ്കാരം ഉപയോഗിച്ച്, പഴയ ജീവിതത്തെ മുഴുവനായി ഉപേക്ഷിക്കുന്നതിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ക്രിസ്തുവിന്റെ പരിച്ഛേദനയിൽ "ജഡശരീരം" ഉരിഞ്ഞു കളയുന്നത് അല്ലെങ്കിൽ പാപസ്വഭാവത്തെ ഉപേക്ഷിച്ചു കളയുന്നതും ഉൾപ്പെടുന്നു, ജഡിക ഇഛകളാണ് ആളുകളെ പരീക്ഷണങ്ങളിലേക്കും പാപത്തിലേക്കും നയിക്കുന്നത്.

ശരീരം (സോമാ) എന്നു പറഞ്ഞിരിക്കുന്നത് ഭൗതികശരീരത്തെയല്ല, കാരണം സ്നാനപ്പെടുമ്പോൾ, ഭൗതിക ശരീരം നീങ്ങപ്പെടുന്നില്ല. ഇവിടെ "ശരീരം" എന്നു പറയുന്നത് റോമർ 6:6 ലേതുപോലെ "സത്ത" ആണ് (പാപശരീരം) 7:24. ഇതേ അർത്ഥമാണ് കൊലൊസ്യർ 2:17 ലേത്. സത്തയായ, ജഡിക ഇഛയുടെ മൂർത്തരൂപം പരിച്ഛേദന ചെയ്യപ്പെട്ടു എന്നാണ് പൗലോസ് പറഞ്ഞത്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ പരിച്ഛേദനയാൽ, കൊലൊസ്യരുടെ ലൗകിക ഭ്രമം നീങ്ങപ്പെട്ടു എന്നർഥം.

ജഡം (സാർക്സ്) പുതിയനിയമത്തിൽ വ്യത്യസ്തമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. 'ജഡം' (സാർക്സ്) അർത്ഥമാക്കുന്നത് പാപസ്വഭാവത്തെയാണ്. സ്നാനത്തെ പരിച്ഛേദന എന്ന ഭൗതികമായ ചടങ്ങിനോട് സാമ്യപ്പെടുത്തരുത്. ന്യായപ്രമാണത്തിൻകീഴിലുള്ളവർ പരിച്ഛേദന ഏൽക്കുമ്പോൾ, അവരുടെ ഉള്ളിൽ അത് പ്രത്യേകമായ മാറ്റമൊന്നും വരുത്തുന്നില്ല. ഒരാൾ പാപജഡത്തിൽനിന്നു സ്വതന്ത്രനാകുമ്പോഴാണ് ക്രിസ്തുവിനാൽ പരിച്ഛേദന സംഭവിക്കുന്നത്, അങ്ങനെയാണ് അയാൾ പുതിയ സൃഷ്ടിയാകുന്നത് (റോമ. 6:6). ആത്മീയ പരിച്ഛേദന നടത്തുന്നത് ദൈവമാണ് (കൊലൊ. 2:12).

ഹൃദയപരിച്ഛേദനയാണ് ദൈവം എല്ലായ്പ്പോഴും ആഗ്രഹിക്കുന്നത്. ജനത്തിന്റെ ഹൃദയം പരിച്ഛേദന ചെയ്യുവാൻ ദൈവം മോശെ മുഖാന്തരം അരുളിച്ചെയ്തിരുന്നു (ആവ. 10:16). യിരെമ്യാവിന്റെ കാലത്ത് യിരെമ്യാവിൽകൂടെയും ഇതേ ആവശ്യം ആവർത്തിച്ചു (യിരെ. 4:4; 9:25,26). ഹൃദയ പരിച്ഛേദന ഏൽക്കാത്തവരെ ദൈവം സ്വീകരിക്കുകയില്ല എന്നു യെഹസ്ക്കേൽ പറഞ്ഞിരുന്നു.

പഴയ മനുഷ്യനെ അടക്കം ചെയ്യുകയും പുതിയ മനുഷ്യനായി ഉയർക്കുകയും ചെയ്യുമ്പോഴാണ് സ്നാനത്തിന് വിലയുണ്ടാകുന്നത്.സ്നാനത്തിൽ, ഒരു ഉരിഞ്ഞുകളയൽ നടത്തുന്നു. അക്ഷരികമായി പഴയവസ്ത്രം ഉരിഞ്ഞുകളയുന്നതു പോലെയാണ് ആലങ്കാരികമായി "ജഡ ശരീരത്തെ" ഉരിഞ്ഞു കളയുന്നു എന്നു പറയുന്നത് (2:11), അതായത് "പഴയ മനുഷ്യനെ" (3:9) ഉപേക്ഷിക്കുന്നു. പഴയ മനുഷ്യനെ ഉപേക്ഷിക്കുന്നതിനാൽ, ജഡത്തിൽനിന്നും മുൻപ് അവരെ നിയന്ത്രിച്ച വാഴ്ച്ചകളിൽനിന്നും അധികാരങ്ങളിൽനിന്നും അവർ സ്വതന്ത്രരായി, പഴയ മനുഷ്യനെ ത്യജിച്ച് വിശ്വാസത്തോടെ പുതിയ ജീവനിലേക്ക് പ്രവേശിക്കുവാൻ ആത്മാവിനെയും ജഡശരീരത്തെയും പൂർണ്ണമായി യേശുവിനു ഏൽപിച്ചുകൊടുക്കണം.




ഇയ്യോബിന്റേയും സഭാപ്രസംഗിയുടേയും പുസ്തകങ്ങൾ എക്കാലത്തെയും സാഹിത്യകൃതികളിൽ മുൻപന്തിയിൽ നിൽക്കുന്നു. രണ്ടും എബ്രായ പദ്യങ്ങളും, ജീവിതത്തിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നവയുമാണ്. ജീവിതത്തിന്റെ അർത്ഥവും കഷ്ടതകളുടെ ഉദ്ദേശവും അവ വ്യക്തമാക്കുന്നുണ്ട്.

എഴുതപ്പെട്ട നാടകീയ പദ്യങ്ങളിൽ മികച്ചതായിട്ടാണ് പണ്ഡിതന്മാർ ഇയ്യോബിന്റെ പുസ്തകത്തെ കണക്കാക്കുന്നത്. എബ്രായ കവിതകൾക്ക് പ്രത്യേക അളവോ അനുപ്രാസമോ ഇല്ല. അതിൽ വാക്കുകൾ ക്രമപ്പെടുത്തുന്നതിനു പകരം ആശയങ്ങളാണ് ക്രമപ്പെടുത്തിയിരുന്നത്. മൂന്നു തരത്തിലുള്ള സമാനതകളായിട്ടായിരുന്നു ആ ആശയക്രമീകരണം അവർ പ്രകടിപ്പിച്ചിരുന്നത്: പര്യായം, വിരോധാലങ്കാരം, സംശ്ലേഷണം. 1) പര്യായസമാനതകളിൽ, ഒരു യുഗ്മരൂപം കൊടുത്ത് ഒന്നാമത്തേത് ആവർത്തിക്കുകയാണ് രണ്ടാമത്തെ വരിയിൽ. ഇയ്യോ. 4:17-ൽ ആത്മാവ് അവനോട് സംസാരിക്കുന്നത് ഒരു ഉദാഹരണമായി എടുക്കാം. "മർത്യൻ ദൈവത്തിലും നീതിമാൻ ആകുമോ? നരൻ സൃഷ്ടാവിലും നിർമ്മലൻ ആകുമോ?" (2) സംശ്ലേഷണ സമാനതകളിൽ ഒന്നാമത്തെ വരിയുടെ നേരെ വിപരീതമായിരിക്കും രണ്ടാമത്തെ വരിയിൽ. ഇതിന്റെ ഉദാഹരണം, ഇയ്യോബ് ദൈവത്തിനു നൽകുന്ന 42:5 ലെ മറുപടിയിൽ കാണാം. "ഞാൻ നിന്നെ കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളു. ഇപ്പോഴോ എന്റെ കണ്ണാൽ നിന്നെ കാണുന്നു." (3) സംശ്ലേഷണ സമാനതകളിൽ ആദ്യവരിയിലെ ആശയത്തെ രണ്ടാമത്തെ വരിയിലും തുടർന്നുള്ള വരികളിലും വർദ്ധിപ്പിച്ച് വിപുലമാക്കുന്നു. ഇതിനുള്ള ഉദാഹരണം എലീഫാസിന്റെ 4:19-21 ലെ സംഭാഷണത്തിൽ കാണാം.

"പൊടിയിൽ നിന്നുത്ഭവിച്ചു മൺപുരകളിൽ പാർത്തു,
പുഴുപോലെ ചതഞ്ഞു പോകുന്നവരിൽ എത്ര അധികം !
ഉഷസിനും സന്ധ്യക്കും മദ്ധ്യേ അവർ തകർന്നുപോകുന്നു;
ആരും ഗണ്യമാക്കാതെ അവർ എന്നേക്കും നശിക്കുന്നു
അവരുടെ കൂടാരക്കയറു അറ്റുപോയിട്ടു
അവർ ജ്ഞാനഹീനരായി മരിക്കുന്നില്ലയോ?
വിളിച്ചു നോക്കുക; ഉത്തരം പറയുന്നുണ്ടോ?"

ഇയ്യോബിലേയും സഭാപ്രസംഗിയിലേയും സന്ദേശം വളരെ പ്രാധാന്യമുള്ളതാണ്. നാം ഇന്ന് അഭിമുഖീകരിക്കുന്ന അതേ പ്രശ്നങ്ങൾ മൂവായിരം നാലായിരം വർഷങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന ആളുകൾക്കുണ്ടായിരുന്നു എന്നത് അറിയുമ്പോൾ നാം അതിശയിച്ചു പോകും. നമ്മെ ദുഃഖിപ്പിച്ച പ്രശ്നങ്ങൾക്ക് നാം പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കുന്നതുപോലെ അവരും ശ്രമിച്ചിരുന്നു. അവർ പ്രശ്നപരിഹാരത്തിനു ദൈവസഹായം തേടിയിരുന്നു. ദൈവത്തെ കൂടാതെയുള്ള പ്രശ്നപരിഹാരം വ്യർത്ഥമാണെന്ന് അവരുടെ അനുഭവം ഊന്നിപറയുന്നുണ്ട്.

മാനുഷ കഷ്ടത എന്ന പ്രശ്നത്തോട് ഇയ്യോബ് മൃഗയുദ്ധം നടത്തുന്നുണ്ട്. ജീവിതയാത്രയിൽ കഷ്ടതയ്ക്ക് എന്തു സ്ഥാനമാണുള്ളത്? കഷ്ടതയിൽ നിന്ന് നമുക്ക് എന്തെങ്കിലും ഗുണം ഉണ്ടാകുമോ? ചിലർ അനുഭവിക്കുന്ന കഷ്ടത കൂടുതലാണെന്ന് തോന്നുന്നതെന്തുകൊണ്ട്? ദുഷ്ടന്മാർ തഴെച്ചു വളരുമ്പോൾ, എന്തുകൊണ്ട് നല്ലവരായ ആളുകൾ കഷ്ടപ്പെടുന്നു എന്ന് ഇയ്യോബിനെപോലെ ഉള്ളവർക്ക് മനസിലാക്കുവാൻ പ്രയാസമായിരുന്നു. യിരെമ്യാവ് ഇതേ ചോദ്യം യിരെമ്യാവ് 12:1-3ൽ ചോദിക്കുന്നുണ്ട്.

ജീവിതത്തിൽ എങ്ങനെ സന്തോഷം കണ്ടെത്താമെന്ന പ്രശ്നം നേരിട്ടവനായിരുന്നു ശലോമോൻ. സമ്പൽസമൃദ്ധിയുള്ളവർക്ക് അവർ ആഗ്രഹിക്കുന്നതുപോലെ സന്തോഷിക്കുവാൻ കഴിയുന്നില്ല എന്ന് ശലോമോൻ തന്റെ ജീവിതത്തിൽകൂടെയും എഴുത്തുകളിലൂടെയും വ്യക്തമാക്കി. ശലോമോന് ആരോഗ്യവും, ധനവും, ജ്ഞാനവും ഉണ്ടായിരുന്നു; എങ്കിലും അവൻ ജീവിതത്തിന്റെ അർത്ഥം ആരാഞ്ഞുകൊണ്ടിരുന്നു.

(തുടരും)

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# തകർച്ചയിലും താങ്ങായി



സിന്ധു സപ്കൽ വിവാഹിതയാകുമ്പോൾ പത്തുവയസായിരുന്നു പ്രായം. ഇരുപതുവയസാകുമ്പോഴേക്കും സിന്ധു മൂന്ന് ആൺകുട്ടികളെ പ്രസവിച്ചിരുന്നു. എന്നു മാത്രമല്ല, സിന്ധു ഒൻപതു മാസം ഗർഭിണിയുമായിരുന്നു. അവളുടെ ഭർത്താവ് അവളെക്കാൾ ഇരുപതുവയസ് പ്രായക്കൂടുതലുള്ള ഒരു കശ്മലനായിരുന്നു.

സിന്ധുവിനോടു വിരോധമുണ്ടായിരുന്ന ഒരാളുടെ പ്രേരണയാൽ അവളുടെ ഭർത്താവ് അവളെ ഉപേക്ഷിച്ചു. വീട്ടിൽനിന്നു പുറത്താക്കപ്പെട്ട സിന്ധു അവിടെയുണ്ടായിരുന്ന കാലിത്തൊഴുത്തിലാണ് ആദ്യരാത്രി അഭയം പ്രാപിച്ചത്. അന്ന് അവിടെ കാലികളുടെയിടയിൽ ഒരു പെൺകുഞ്ഞിനെ സിന്ധു പ്രസവിച്ചു.

പിറ്റേദിവസം അഭയംതേടി സിന്ധു സ്വന്തം അമ്മയുടെ സമീപത്തെത്തി. എന്നാൽ സിന്ധുവിനെയും അവളുടെ പിഞ്ചുകുഞ്ഞിനെയും സ്വീകരിക്കാൻ ആ അമ്മ തയാറായില്ല. എന്നു മാത്രമല്ല, ആ സ്ത്രീ അവരെ ആട്ടിപ്പായിക്കുകയും ചെയ്തു.

അതേത്തുടർന്ന് ഒരു ശവപ്പറമ്പിൽ സിന്ധു ചെന്നെത്തി. അപ്പോൾ ഒരു ശവം അവിടെ ചിതയിൽ വെന്തെരിയുന്നുണ്ടായിരുന്നു. ചിതയുടെ മുൻപിലായി മരിച്ചയാൾക്കുവേണ്ടി അർപ്പിക്കപ്പെട്ടിരുന്ന ഗോതമ്പുമാവ് സിന്ധുവിന്റെ ശ്രദ്ധയിൽപ്പെട്ടു. വയർ കുത്തിക്കീറുന്ന വിശപ്പുമൂലം അവൾ ആ ഗോതമ്പുമാവ് എടുത്ത് ചപ്പാത്തിയുണ്ടാക്കി ചിതയിലെ തീയിൽ അതു ചുട്ടെടുത്തു ഭക്ഷിച്ചു!



അതിനുശേഷം താൻ ജീവിക്കണമോ മരിക്കണമോ എന്നു തീർച്ചയില്ലാതെ സിന്ധു അലഞ്ഞുനടന്നു. വിശപ്പടക്കാൻ മാത്രം അവൾ ഭിക്ഷ യാചിച്ചു. ആത്മഹത്യയെക്കുറിച്ചു ചിന്തിച്ചുകൊണ്ടിരുന്ന ഒരു ദിവസം റെയിൽവേസ്റ്റേഷനിൽവച്ച് പട്ടിണിമൂലം മരിക്കാറായിക്കിടന്ന ഒരു വൃദ്ധൻ ആരോടെന്നില്ലാതെ വെള്ളം ചോദിച്ചു. ഒരിറ്റു വെള്ളം കുടിച്ചു മരിക്കാൻ ഒരുങ്ങുകയായിരുന്നു ആ വൃദ്ധൻ.

വൃദ്ധന്റെ യാചന കേട്ടപ്പോൾ സിന്ധു അവിടെ ഓടിയെത്തി വൃദ്ധനോടു പറഞ്ഞു, "വെള്ളം കുടിച്ചു മാത്രം മരിക്കണ്ട. ഇതാ, ഈ ചപ്പാത്തി കൂടി കഴിക്കൂ. എന്നിട്ടു മരിച്ചാൽ മതി." സിന്ധു നൽകിയ ചപ്പാത്തിയും വെള്ളവും സ്വീകരിച്ച ആ വൃദ്ധൻ അന്നു മരിച്ചില്ല. എന്നു മാത്രമല്ല, അയാൾ തന്റെ ആരോഗ്യം വീണ്ടെടുക്കുകയും ചെയ്തു. ഈ സംഭവം സിന്ധുവിന്റെ ജീവിതത്തെ മാറ്റിമറിച്ചു. അവൾ സ്വയം പറഞ്ഞു, "ഒരു ചെറിയ സഹായം വഴി ഒരാളുടെ ജീവൻ രക്ഷിക്കാൻ എനിക്ക് സാധിച്ചുവെങ്കിൽ ഞാൻ എന്തിനു മരിക്കണം? മറ്റുള്ളവർ ജീവിക്കാൻ എനിക്കവരെ സഹായിക്കാമല്ലോ."

അങ്ങനെയാണു റെയിൽവേസ്റ്റേഷനുകളിലും മറ്റും കണ്ടെത്തിയ അനാഥരായ ബാലികാബാലന്മാരെ ദത്തെടുത്തു വളർത്താൻ സിന്ധു തീരുമാനിച്ചത്. ദീപക് എന്നു പേരായ ഒരു ബാലനെയാണ് സിന്ധു ആദ്യം ദത്തെടുത്തത്. അതിനുശേഷം അനാഥരായ ഏതു കുട്ടികൾക്കും അമ്മയാകാൻ സിന്ധു തയാറായി. മറ്റുള്ളവരുടെ സഹായം തേടിയാണ് സിന്ധു അവരെയെല്ലാം വളർത്തിയത്. 1975 മുതൽ അനാഥരെ ദത്തെടുക്കാൻ ആരംഭിച്ച സിന്ധു ഇതിനകം 1200 അനാഥരായ ബാലികാബാലന്മാരെ ദത്തെടുത്ത് വളർത്തിയതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

മഹാരാഷ്ട്രയിലെ വാർധാ ജില്ലയിലുള്ള പിംപ്രിയിൽ 1948-ൽ ജനിച്ച സിന്ധു മഹാരാഷ്ട്രയുടെ വിവിധ ഭാഗങ്ങളിലായി ആറ് അനാഥമന്ദിരങ്ങൾ ഇപ്പോൾ നടത്തുന്നുണ്ട്. അവയിൽ പലതിന്റെയും ചുമതല വഹിക്കുന്നത് ഉന്നത ബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ള അവരുടെ അനാഥമക്കളാണ്.

നാലാം ക്ലാസ് മാത്രം വിദ്യാഭ്യാസമുള്ള സിന്ധുവിന് 2016-ൽ പൂനയിലെ ഡിവൈ പട്ടേൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഓണററി ഡോക്ടർ ബിരുദം നൽകി ആദരിക്കുകയുണ്ടായി. അനാഥരായ ബാലികാ ബാലന്മാരെ പരിരക്ഷിക്കുന്നതിൽ അത്ഭുതകരമായ നേട്ടങ്ങൾ കൈവരിച്ച സിന്ധുവിനു നൂറിലേറെ അവാർഡുകളാണ് ഇതിനകം ലഭിച്ചിട്ടുള്ളത്. അനാഥർക്ക് അമ്മയായ ഈ അറുപത്തൊമ്പതുകാരി സിന്ധു അമ്മ എന്ന അർത്ഥം വരുന്ന രീതിയിൽ സിന്ധു തായ് എന്നാണ് ഇപ്പോൾ അറിയപ്പെടുന്നത്.

പ്രസംഗവേദികൾ ലഭിക്കുമ്പോൾ സിന്ധുതായ് ഒരു കാര്യം എപ്പോഴും തന്റെ ശ്രോതാക്കളെ അനുസ്മരിപ്പിക്കാറുണ്ട്. അതായത്, ആർക്കും ജീവിതത്തോടു മല്ലടിച്ചു ജയിക്കാൻ സാധിക്കും എന്ന യാഥാർഥ്യം. തന്നെ ഒരു ആവശ്യഘട്ടത്തിൽ സഹായിക്കാൻ ആരുമില്ലായിരുന്നു.എന്നാൽ, സഹായം ആവശ്യമുള്ളവർക്ക് അതു നൽകിക്കൊണ്ടു തനിക്ക് ജീവിതത്തിൽ വിജയിക്കുവാനായി എന്ന് അവർ ഇപ്പോൾ സാക്ഷ്യം പറയുകയാണ്.

സിന്ധു തായുടെ ജീവിതകഥയും അവരുടെ ജീവിതസാക്ഷ്യവും നമുക്ക് പ്രചോദനമാകേണ്ടതാണ്. ജീവിതത്തിൽ നമുക്ക് തകർച്ചകളും തിരിച്ചടികളും ഉണ്ടാകുമ്പോൾ എല്ലാം തകർന്നു എന്നു നാം കരുതിയേക്കാം. എന്നാൽ വാസ്തവം അതല്ല. നമ്മുടെ മുൻപിൽ ഒരു വാതിൽ അടയുമ്പോൾ മറ്റൊരു വാതിൽ ദൈവം തുറന്നുതരുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. പക്ഷേ, അതു നാം പലപ്പോഴും കാണാതെ പോകുന്നു എന്നു മാത്രം. സിന്ധു തായുടെ ജീവിതത്തിൽ വലിയ തകർച്ചയുണ്ടായപ്പോൾ അതു മറ്റുള്ളവരുടെ ജീവിതത്തിലെ തകർച്ചകൾ കാണാൻ അവരെ സഹായിച്ചു. അങ്ങനെയാണു സ്വയം മറന്നു മറ്റുള്ളവരെ സഹായിക്കാൻസിന്ധു തായ് ഇറങ്ങിത്തിരിച്ചത്.

സ്വന്തം തകർച്ചയ്ക്കിടയിൽ സിന്ധു തായ് ചെയ്തതുപോലെ മറ്റുള്ളവരെ സഹായിക്കാൻ നമുക്കെല്ലാവർക്കും എപ്പോഴും സാധിച്ചുവെന്നു വരില്ല. എങ്കിലും മറ്റുള്ളവരുടെ ജീവിതത്തിലെ തകർച്ചകൾ കാണുവാനും സാധിക്കുന്നതുപോലെ സഹായിക്കാനും നമുക്കു സാധിക്കണം. അപ്പോൾ അതുവഴിയായുണ്ടാകുന്ന നന്മകൾ നമുക്ക് ഭാവന ചെയ്യാൻപോലും സാധിക്കില്ല എന്നതാണ് യാഥാർഥ്യം. തിന്മ ചെയ്യുന്നതുമാത്രമല്ല പാപം. നന്മ ചെയ്യാനറിഞ്ഞിട്ടും അത് ചെയ്യാതിരിക്കുന്നതും പാപമാണ്.



# ഡോ. ഗോപാലകൃഷ്ണന്റെ ക്രൈസ്തവ വിരുദ്ധ പ്രഭാഷണത്തിന് ദേവി മേനോന്റെ മറുപടി



4

താങ്കളെ പോലെയുള്ളവരുടെ പ്രഭാഷണംകേട്ടു പക്വതയില്ലാത്തതും, പരിഹാസചുവയുള്ളതും, വേദനാജനകവുമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നവരോട് ചില ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് നിർത്തുന്നു. മനസ്സിൽ നന്മയുള്ള ഹൈന്ദവരേ ഞാനിതിൽ ഉൾക്കൊള്ളിച്ചിട്ടില്ല, മുപ്പത്തിമൂന്നര വർഷം ഞാൻ വിശ്വസിച്ചവയെയും ആചാരങ്ങളെയും ഞാൻ ആക്ഷേപിക്കില്ല. ഹിന്ദു സഹോദരങ്ങളെയും, വിശ്വാസങ്ങളെയും, ആചാരങ്ങളെയും ഇന്നും ബഹുമാനിക്കാൻ പോന്ന ആത്മീയ-മാനസിക പക്വത തന്ന ഈശോയെ ഓർത്തു ഞാൻ സന്തോഷിക്കുന്നു, അഭിമാനിക്കുന്നു. ചിലർക്ക് ചിലത് മനസ്സിലാക്കാൻ ചിലതൊക്കെ ചോദിക്കാതെ നിവർത്തിയില്ലാത്തതുകൊണ്ട് മാത്രം ചോദിച്ചുപോവുകയാണ്.

താങ്കളെപ്പോലെയുള്ള ചിലർക്ക് ദൈവവചനവും സുവിശേഷവും ഇത്രയ്ക്കും അലോസരമുണ്ടാക്കുന്നതിന്റെ കാരണമെന്ത്? ഈ ലോകത്ത് പല മതങ്ങൾ ഉണ്ടെങ്കിലും ശത്രുസംഹാരപൂജ ചെയ്യുന്നത് ഏതു മതമാണ്? പൂർണ സ്നേഹാദരങ്ങളോടെ ബ്രഹ്മാണ്ഡപുരാണത്തിലെ ശ്രീലളിതസഹസ്രനാമത്തിലെ ആദ്യത്തെ 6 വരികൾ ഉദ്ധരിക്കുന്നു... "ശ്രീമാതാ ശ്രീമഹാരാജ്ഞി... ക്രോധാകാരഅങ്കുശോജ്ജ്വലാ" -ഇതിനർത്ഥം എന്താണെന്ന് താങ്കൾക്ക് പറയാമോ?

ഹിരണ്യകശ്യപു എന്ന അസുരനെ വധിക്കുന്നതിനെക്കാൾ പ്രഹ്ലാദൻ എന്ന ഭക്തനോടുള്ള സ്നേഹമാണ് നരസിംഹാവതാരം എന്നറിയാം. അവിടെ ഭിന്നിപ്പിക്കലിന്റെ മറ്റൊരു വശം കാണാൻ സാധിച്ചില്ലേ? ശത്രു അസുരതയാണ്, സ്വാർഥതയാണ്... എല്ലാ മതങ്ങളുടെയും കാര്യം ഇങ്ങനെയാണ്. പഠിക്കാതെ, അറിയാതെ വിളിച്ചുപറയരുത്.

അറിവ് ഉപയോഗിക്കേണ്ടത് വിദ്വേഷം വളർത്താനല്ല, സമാധാനം വളർത്താനാണ്. താങ്കൾക്ക് പറയാനും പ്രചരിപ്പിക്കാനും ഹൈന്ദവധർമ്മങ്ങളും വിശ്വാസങ്ങളും ഉണ്ട്. ശ്രീകൃഷ്ണൻ ഓടക്കുഴൽ എടുത്തത് എന്തുകൊണ്ടാണെന്ന് താങ്കൾക്ക് അറിയാമല്ലോ, വിശ്വാസങ്ങളെക്കുറിച്ച് പറയുമ്പോൾ അങ്ങ് അത് മറന്നുപോകരുതേ. ചില ഹൈന്ദവ ദൈവങ്ങളുടെ വർണ്ണം നീല ആയതു എന്തുകൊണ്ട്? ശബരിമലയിൽ സ്ത്രീപ്രവേശനം നിഷേധിക്കാനുള്ള കാരണം. മൂർത്തിഭാവവും പൂജാവിധിയും അടിസ്ഥാനകാരണങ്ങളും... ഇതൊക്കെയാണ് അങ്ങ് വിളിച്ചുപറയേണ്ടത്.

ആസ്തിക-നാസ്തിക-സ്വാസ്തിക അധിഷ്ഠിതമായ ന്യായത്തിൽ തുടങ്ങി ഉത്തരമീമാംസ വരെയുള്ള ഷഷട്ദർശനങ്ങൾ എല്ലാ ഹൈന്ദവരും അറിയട്ടെ... അച്യുതൻ എന്ന വാക്കിനു ച്യുതി ഇല്ലാത്തവൻ എന്നും അർത്ഥം ഉണ്ടല്ലോ.

താങ്കൾ സഭയുടെ സന്യാസത്തെ ആക്ഷേപിക്കാൻ വേണ്ടി ബ്രഹ്മചര്യം അസാധ്യം എന്ന് പറയുന്നുണ്ട്. ദൈവസ്നേഹത്തെ ശരിയായ രീതിയിൽ അറിഞ്ഞാൽ നിസ്സാരമാണ് ബ്രഹ്മചര്യാപാലനം. ഇന്നത്തെ തലമുറയ്ക്ക് വരെ അറിയാം സ്നേഹത്തിനു അസാധ്യമായി ഒന്നുമില്ലെന്ന്. അത് ജഡികപ്രണയമല്ല,

ആത്മാവിൽ സ്നേഹം അറിഞ്ഞാൽ എന്തും സാധ്യം. ഇങ്ങനെ പലരും കഥകളിലും ജീവിതത്തിലും ഉണ്ട്. സ്നേഹം വ്യക്തിയോടാവാം, തൊഴിലിനോടാവാം, സ്ഥാനത്തോടാവാം, സ്വത്തിനോടാവാം, രാഷ്ട്രത്തോടാവാം, സേവനത്തോടാവാം നമുക്ക് എതിർപ്പില്ല. ദൈവവുമായി ബന്ധപ്പെടുമ്പോൾ അസാധ്യം. എങ്ങനെയുള്ളവർ ആണ് അസാധ്യമെന്നു പറയുന്നത്-ദൈവത്തെ സങ്കൽപ്പമായി മാത്രം കാണാൻ സാധിക്കുന്നവർ, ആ അനന്തശക്തിയെ, ദിവ്യസ്നേഹത്തെ തിരിച്ചറിഞ്ഞാൽ എല്ലാം സാധ്യം. 'ബ്രഹ്മേ ചരതി ഇതി ബ്രഹ്മചര്യ' അത്രയേ ഉള്ളൂ. ശരീരത്തിന്റെ 4 ആഗ്രഹങ്ങളിൽ നമുക്ക് പൂർണമായും നിയന്ത്രിക്കാൻ സാധിക്കുന്ന ഒന്ന് കാമം മാത്രമാണ്. സൃഷ്ടികൾക്ക് വേണ്ടി സൂക്ഷിക്കാമെങ്കിൽ, സ്രഷ്ടാവിന് വേണ്ടിയാണോ തന്നെ പൂർണമായി സമർപ്പിക്കാൻ സാധിക്കാത്തത്? ഇനി ഇങ്ങനെയൊന്നും പറയരുതേ...!

വിഗ്രഹാരാധനയെ എതിർക്കുന്നത് വി. ബൈബിൾ മാത്രമാണെന്ന് പറയരുതേ? യജൂർവേദത്തിലെ 32 ആം അദ്ധ്യായത്തിലെ 'നതസ്യ പ്രതിമാ അസ്തി യസ്യ നാമ മഹദ്യശ:'യുടെ പ്രത്യക്ഷ അർത്ഥം എന്താണ്? 4-ാമത് അദ്ധ്യായം 9-ഉം ഓർക്കൂ. ശ്രീമദ് ഭഗവത്ഗീതയിലെ 7-ാം അദ്ധ്യായമായ ജ്ഞാനവിജ്ഞാനയോഗത്തിലെ 24-ാം വരികൾ നോക്കൂ. പ്രത്യക്ഷ അർത്ഥം നോക്കിയാൽ പല മൂർത്തീഭാവങ്ങളും വ്യർത്ഥമാണെന്ന് തോന്നും. 'വിശേഷാൽ ഗ്രാഹ്യതെ ഇതി വിഗ്രഹ:' എന്നാണല്ലോ. ഈ ലോകത്തിൽ സവിശേഷമായി മനസ്സിൽ വയ്ക്കേണ്ടത് ദൈവത്തെ മാത്രമാണ്. മനസ്സിൽ വ്യക്തികളോ, ആഗ്രഹങ്ങളോ, സ്വാർത്ഥതയോ സ്ഥാനം പിടിക്കുമ്പോൾ ആ വിഗ്രഹങ്ങളെ തച്ചുടച്ചാലെ ആത്മീയമായി ഉയരൂ. സൃഷ്ടവസ്തുക്കളിലേക്കും ലൗകികമായതിലേക്കുമുള്ള ശ്രദ്ധയാണ് വിഗ്രഹാരാധന. താങ്കളെപോലെയുള്ള ഒരാൾ ബൈബിളിനെ വളച്ചൊടിച്ചു ആക്ഷേപിക്കുമ്പോൾ ആയിരക്കണക്കിന് റോസ് മരിയമാർ ചങ്ക് പറിച്ചു കൊടുത്തു ഈശോയെ സ്നേഹിക്കാൻ ഉണർന്നെഴുന്നേൽക്കും. അതിനു അവസാനം ഉണ്ടാവില്ല, കാരണം ഈശോയുടെ സ്നേഹം അങ്ങനെയാണ്, അനുഭവിച്ചറിഞ്ഞാൽ ഹൃദയത്തിലെ പ്രാണന്റെ ചൂട് പോയി ശവമായാലും, ഒന്നിനും ആർക്കും ആ സ്നേഹത്തിൽ നിന്ന് അകറ്റാൻ സാധിക്കില്ല.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

***രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ജനിച്ച ഒരു മനുഷ്യൻ എങ്ങനെയാണ് ദൈവമാകുന്നത്? ദൈവത്തിന് ജനനവും മരണവും ഇല്ലാതിരിക്കെ യേശുവിന് ഇത് രണ്ടും ഉണ്ടായതായി ബൈബിൾ പറയുന്നുണ്ടല്ലോ. ബൈബിളിൽ യേശു ദൈവപുത്രനും മനുഷ്യപുത്രനും മാത്രമാണല്ലോ. എന്നിട്ടും ക്രിസ്ത്യാനികൾ യേശുവിനെ ദൈവമായി അംഗീകരിക്കുന്നത് അബദ്ധവും ബൈബിൾ നിഷേധവുമല്ലേ?***

***-അബ്ദുൾ ലത്തീഫ്, എടരിക്കോട്, മലപ്പുറം***



**ബൈ**ബിൾ ആദിയോടന്തം ഒരുവട്ടം വായിച്ചാൽ ഈ സംശയം ഉണ്ടാവുകയില്ല. കാരണം പാപത്തിൽ വീണുപോയ മനുഷ്യവർഗ്ഗത്തെ രക്ഷിക്കാൻ വേണ്ടി സ്വർഗ്ഗസ്ഥനായ ദൈവം മനുഷ്യനായി ഭൂമിയിൽ വന്നതാണ് യേശുക്രിസ്തു എന്നാണ് ബൈബിൾ വെളിപ്പെടുത്തുന്നത്. യേശുക്രിസ്തു പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവും ആണെന്ന് ബൈബിൾ പഠിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. അതുകൊണ്ടുതന്നെ ബൈബിൾ അംഗീകരിക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തുവിനെ ദൈവമായി അംഗീകരിച്ച് മഹത്വം കൊടുക്കേണ്ടത് അവന്റെ ബാധ്യതയാണ്. എന്തുകൊണ്ടാണ് ക്രിസ്ത്യാനികൾ യേശുക്രിസ്തുവിനെ ദൈവമായി അംഗീകരിക്കുന്നത് എന്ന് ബൈബിൾ തെളിവുകളുടെ അടിസ്ഥാനത്തിൽ ഇവിടെ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നു.

പഴയ-പുതിയ നിയമങ്ങൾ അടങ്ങിയ ബൈബിളിന്റെ കേന്ദ്ര വിഷയമാണ് യേശുക്രിസ്തു. പഴയനിയമത്തിൽ ഉള്ള എല്ലാ പ്രതിരൂപങ്ങളുടെയും നിഴലുകളുടെയും സാക്ഷാൽ സ്വരൂപവും സത്യവും പുതിയ നിയമത്തിൽ വെളിപ്പെടുന്ന യേശുക്രിസ്തുവാണ്. പഴയനിയമത്തിൻ കീഴെ ക്രിസ്തു മറയ്ക്കപ്പെട്ടിരുന്നു. പുതിയനിയമത്തിൻ കീഴിൽ ക്രിസ്തു വെളിപ്പെട്ടു. പഴയനിയമത്തിലെ എല്ലാ വാഗ്ദത്തങ്ങളുടെയും സംഗമസ്ഥാനവും കേന്ദ്രവും യേശുക്രിസ്തു ആണ്. യേശുക്രിസ്തുവിനെ കുറിച്ചുള്ള അനേകം പ്രവചനങ്ങൾ കൊണ്ട് സമ്പന്നമാണ് പഴയനിയമം. യേശുക്രിസ്തു ഭൂമിയിൽ അവതരിക്കുന്നതിനും സഹസ്രാബ്ദങ്ങൾക്കു മുൻപേ യേശുക്രിസ്തുവിനെ കുറിച്ചുള്ള വാഗ്ദത്തം ദൈവം മനുഷ്യരാശിക്ക് നൽകിയിട്ടുണ്ട്. യേശുക്രിസ്തു ജനിക്കുന്നതിനു മുൻപുതന്നെ യേശുക്രിസ്തുവിന്റെ ജീവചരിത്രം പ്രവാചകന്മാരിലൂടെ പഴയനിയമത്തിൽ എഴുതപ്പെട്ടിരുന്നു എന്നതാണ് സത്യം.

ദൈവം തിന്നരുതെന്ന് കല്പിച്ച പഴം ഭക്ഷിച്ച് പാപം പ്രവേശിച്ച ശരീരവും മനസ്സുമായി ഏദൻതോട്ടത്തിൽ നിൽക്കുന്ന ആദാമിന്റെയും ഹവ്വയുടെയും മുന്നിൽവച്ച് ദൈവം പാമ്പിനോട് (പിശാചിനോട്) പറഞ്ഞു: 'സ്ത്രീയുടെ സന്തതി നിന്റെ തല തകർക്കും; (ഉല്പ. 3:15). ഇതാണ് യേശുക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യത്തെ പ്രവചനം. ദൈവം വാഗ്ദത്തം ചെയ്ത സ്ത്രീയുടെ സന്തതിയെക്കുറിച്ച് പിന്നീട് വർഷങ്ങൾക്ക് ശേഷം ദൈവം അബ്രഹാമിനോട് പറഞ്ഞു: "നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട് നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്ന് ഞാൻ എന്നെക്കൊണ്ടുതന്നെ സത്യം ചെയ്തിരിക്കുന്നു എന്ന് യഹോവ അരുളിച്ചെയ്തു" (ഉല്പ. 22:18).

പിന്നീട് ദൈവം ഈ സന്തതിയെ കുറിച്ചുള്ള വാഗ്ദത്തങ്ങൾ അബ്രഹാമിന്റെ പിൻതലമുറയിൽ ഉൾപ്പെട്ട യിസഹാക്കിനും (ഉല്പ. 26:5) യാക്കോബിനും നൽകി (ഉല്പ. 28:14). യാക്കോബ് മരണക്കിടക്കയിൽ വെച്ച് ആ സന്തതി വരുന്നത് തന്റെ 12 മക്കളിൽ ഒരുവനായ യെഹൂദയുടെ ഗോത്രത്തിൽ നിന്നായിരിക്കും എന്ന് പ്രവചിച്ചു (ഉല്പ. 49:10). പിന്നീട് നൂറ്റാണ്ടുകൾക്ക് ശേഷം യിസ്രയേലിലെ പുല്പുറങ്ങളിൽ ആടുകളെ മേയിച്ചുകൊണ്ടിരുന്ന ദാവീദിനെ ദൈവം തന്റെ ജനത്തിന്റെ ഇടയനായി നിയമിച്ചപ്പോൾ അവനോട് ഈ സന്തതിയെക്കുറിച്ചുള്ള വാഗ്ദത്തം നൽകി. 2 ശമുവേൽ 7:12-14. ദൈവം ദാവീദിനോട് സന്തതിയെ വാഗ്ദത്തം ചെയ്തപ്പോൾ രക്ഷകനെക്കുറിച്ചുള്ള ചിത്രങ്ങൾ മനുഷ്യവർഗത്തിന് കൂടുതൽ വ്യക്തമായി. ആദാമിനോട് പറഞ്ഞ പാമ്പിന്റെ തല തകർക്കുന്ന സ്ത്രീയുടെ സന്തതി അബ്രഹാമിന്റെ സന്തതിയായിരിക്കും. യിസ്ഹാക്കിന്റെയും യാക്കോബിന്റെയും സന്തതിയായിരിക്കും. യാക്കോബിന്റെ പന്ത്രണ്ട് മക്കളിൽ ഒരാളായ യെഹൂദയുടെ സന്തതിയായിരിക്കും, യെഹൂദാ ഗോത്രത്തിൽ ദാവീദിന്റെ വംശത്തിൽ നിന്നായിരിക്കും ആ സന്തതി വരുന്നത്! ദാവീദിന്റെ വംശത്തിൽ ഏത് കുലം. ഏത് കുടുംബം എന്നൊന്നും ദൈവം പറഞ്ഞില്ല. പകരം പ്രവാചകന്മാരിലൂടെ വരുവാനിരിക്കുന്ന ആ സന്തതിയെക്കുറിച്ച് ദൈവം അരുളിച്ചെയ്തു തുടങ്ങി. ആ പ്രവചനങ്ങളിൽ ചിലത് നമുക്കൊന്ന് ശ്രദ്ധിക്കാം (പ്രവാചക കാലഘട്ടം ബ്രാക്കറ്റിൽ).

1) വാഗ്ദത്ത സന്തതി ബേത്ലഹേം എഫ്രാത്തയിൽ ജനിക്കും. മീഖാ. 5:2 (ബി.സി. 739-687)

2) അവൻ കന്യകയിൽ നിന്നായിരിക്കും ജനിക്കുന്നത്. യെശ. 7:14 (ബി. സി. 740-688)

3) മനുഷ്യവർഗ്ഗത്തിന് നല്കപ്പെടുന്ന ഈ സന്തതി വീരനാം ദൈവം തന്നെ ആയിരിക്കും. യെശ. 9:6(740-688) (തുടരും)

---

## *ക്രിസ്തീയ വിശ്വാസവും സുവിശേഷവും പ്രചരിപ്പിക്കാൻ പാടില്ലെന്നും ഭരണഘടനയിൽ മതപ്രചരണ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടില്ല എന്നുമുള്ള വാദത്തിനുള്ള മറുപടി.* (കഴിഞ്ഞലക്കം തുടർച്ച)

### മതസ്വാതന്ത്ര്യം ഭരണഘടനയുടെ കണ്ണിൽ

ഭരണഘടനയുടെ കാഴ്ചവട്ടത്തിൽ മതസ്വാതന്ത്ര്യം മനുഷ്യന്റെ അടിസ്ഥാനാവശ്യമാണ്. മതവിശ്വാസത്തിനു വേണ്ടി പോരാടി രക്തസാക്ഷിത്വം വരിച്ച ജനകോടികളെ ചരിത്രം അടയാളപ്പെടുത്തുന്നുണ്ട്. അത്രത്തോളം മൗലികമാണു മതവിശ്വാസം. മറ്റ് അവകാശങ്ങൾക്കുള്ള ഒരടിസ്ഥാനമാണ് ഇതെന്നു വേണമെങ്കിൽ പറയാം.

ഭരണഘടനയിൽ മൗലികാവകാശങ്ങൾ പ്രതിപദിക്കുന്നിടത്ത് 25-ാം വകുപ്പിലാണ് മതസ്വാതന്ത്ര്യത്തിന്റെ സ്ഥാനം: "Subject to public order, morality and health, and to the other provisions in this part, all persons are equally entitled to freedom of conscience and the right to preach, practice and propagate religion" (Constitution part IV, 25 (1)). മതവിഭാഗങ്ങൾക്ക് സ്ഥാപനങ്ങൾ നടത്താനും സമിതികൾ രൂപീകരിക്കാനുമുള്ള അവകാശം 26-ാം വകുപ്പ് ഉറപ്പാക്കുന്നു.

പ്രക്ഷുബ്ദമായ ഇന്നത്തെ സാഹചര്യത്തിൽ 25-ാം വകുപ്പ് കൂടുതൽ വിശദമായി മനസിലാക്കേണ്ടതുണ്ടെന്നു തോന്നുന്നു. ഓരോ വ്യക്തിക്കുമുള്ള സ്വാതന്ത്ര്യം അടിസ്ഥാനപരമാണ്. അതുകൊണ്ടുതന്നെ വ്യക്തികൾക്ക് അവരുടെ മനഃസാക്ഷിയനുസരിച്ച് ഏതു മതത്തെയും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. വ്യക്തിയുടെ തെരഞ്ഞെടുപ്പ് തെറ്റോ, ശരിയോ ആകാം. പക്ഷേ അതിനുള്ള സ്വാതന്ത്ര്യം ആ വ്യക്തിക്കു മാത്രമുള്ളതാണെന്നാണ് ഭരണഘടനയുടെ പക്ഷം. തെറ്റെന്നു തോന്നിയാൽ വേണമെങ്കിൽ പരിചയമുള്ളവർക്ക് ആ വ്യക്തിയുമായി സംവാദത്തിലേർപ്പെടാം. അതിലുപരി നിർബന്ധിക്കാനോ ഭീഷണിപ്പെടുത്താനോ അവകാശമില്ല. തീരുമാനം വ്യക്തിയുടെ സ്വാതന്ത്ര്യത്തിന്റെ പരിധിയിൽ മാത്രം വരുന്ന കാര്യമാണ്.

വ്യക്തി സ്വാതന്ത്ര്യം ഏതേതു മേഖലകളിൽ പുലരണം എന്ന കാര്യത്തിലും ഭരണഘടനയ്ക്കു സുവ്യക്തമായ ധാരണയുണ്ട്: "the right to freely profess, practice and propagate religion". സ്വന്തം വിശ്വാസം ഏറ്റുപറയാനും പ്രയോഗവത്കരിക്കാനും (പിഞ്ചെല്ലാനും) പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം. അതായത്, വ്യക്തി ആത്മനിഷ്ഠമായി മാത്രം പുലർത്തേണ്ട ഒന്നല്ല മതവിശ്വാസം. തികച്ചും രഹസ്യമായി ഒതുക്കിവയ്ക്കേണ്ട ഒരു കാര്യവുമല്ല. ഒരു സമൂഹമായി (religion) ഏറ്റുപറയാനും അനുഷ്ഠിക്കാനും ഭരണഘടനാദത്തമായി അവകാ



ശമുള്ള യാഥാർത്ഥ്യമാണത്. വിശ്വാസം പരസ്യമായി പ്രകടിപ്പിക്കാനും ചർച്ച ചെയ്യാനും വിശ്വാസികൾക്ക് ആരുടെയും അനുവാദം ആവശ്യമില്ല.

വിശ്വാസത്തിന്റെ ആവിഷ്കാരങ്ങളായ ആചാരാനുഷ്ഠാനങ്ങളിൽ ഭാഗഭാക്കാകാനും മതവിശ്വാസികൾക്ക് അവകാശമുണ്ട്. ഓരോ മതത്തിനും തദനുസൃദമായ ആരാധനാരീതികളും അനുഷ്ഠാനങ്ങളുമാണുള്ളത്. അവിടെ ഐകരൂപത്തേക്കാൾ വൈവിധ്യങ്ങൾക്കായിരിക്കും പ്രാബല്യം. അപ്പോഴും താന്താങ്ങൾക്കു ഹിതകരമായ രീതിയിൽ ചടങ്ങുകളും ഇതര മതസംവിധാനങ്ങളും ക്രമീകരിക്കുവാൻ ഓരോ വിശ്വാസ സമൂഹത്തിനും അവസരമുണ്ടാകണം. അതു വ്യക്തിനിഷ്ഠമായ അവകാശം കൂടിയാണ്. സിക്ക് മതവിശ്വാസികൾ കൃപാൺ ധരിക്കുന്നത് ഉദാഹരണം. അതവരുടെ വിശ്വാസാനുഷ്ഠാനത്തിന്റെ അഭിന്നാംശമാണെന്നു ഭരണഘടന ധരിക്കുന്നു. ഒരു മതവിഭാഗത്തിന്റെ വിശ്വാസത്തിനു ചേരുന്നില്ലെന്ന പരാതിയുയർന്നപ്പോൾ ദേശീയഗാനമാലപിക്കാൻ അവരെ നിർബന്ധിക്കേണ്ടതില്ലെന്ന കോടതിവിധിയും ശ്രദ്ധിക്കേണ്ടതുണ്ട്. മതവിശ്വാസത്തിന് അത്രത്തോളം പ്രാധാന്യം ഭരണഘടന നൽകുന്നുവെന്ന് ഇതെല്ലാം സൂചിപ്പിക്കുന്നു. (തുടരും)

WEBSITE vedahimani.com
FACE BOOK vedahimani
MAIL vedahimani@gmail.com

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 150/-

Postal Registered No : KL/MVK/184/2018-2020
Posted on 15, 20 January 2018
at RMS Kayamkulam
Published on Ist January 2018
RNI Registered No. KERMAL/2002/7361

# ദൈവീക ജ്ഞാനവും സമൃദ്ധമായ ജീവിതവും

മെക്സിക്കോയിലെ ആസ്ടെക് വർഗക്കാരുടെ ഇടയിൽ, അവരുടെ ദൈവങ്ങളെ പ്രസാദിപ്പിക്കാനായി നരബലി നടന്നിരുന്നതായി നാഷണൽ ജോഗ്രഫിക് മാഗസിൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനായി അവരുടെ അടിമകളെയാണ് ഉപയോഗിച്ചിരുന്നത്. ബലിയർപ്പിക്കുന്നതിനു മുമ്പെ കുറെ ദിവസങ്ങൾ ആഘോഷപൂർവം തിന്നുകുടിച്ചു ജീവിക്കുവാൻ അവരെ അനുവദിക്കും. എന്നാൽ ഈ ആഢംബര ജീവിതത്തിനു ശേഷം എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് പാവം അടിമകൾ അറിയാറില്ല.

ദുർന്നടപ്പിനും ധൂർത്തിനും പാപസ്വഭാവത്തിനും അടിമകളായി ലൗകിക ആഢംബരങ്ങൾ ആസ്വദിക്കുന്നതിൽ വിശ്വാസിയെന്നോ അവിശ്വാസിയെന്നോ വ്യത്യാസമില്ല. എന്നാൽ ഇത് തങ്ങളുടെ ആത്മാക്കളെ ഒടുവിൽ നരകത്തിലെത്തിക്കുന്നതാണെന്ന് അവർ അറിയുന്നില്ല.



വെള്ളം തടഞ്ഞു നിർത്തി ഉപയോഗിക്കുവാൻ വേണ്ടി രാജ്യത്തിന്റെ പല ഭാഗങ്ങളിലും അണക്കെട്ടുകൾ നിർമ്മിക്കാറുണ്ട്. ശക്തമായ വെള്ളപ്പൊക്കത്തിൽ ഒലിച്ചു പോകാത്തത്ര വലുപ്പത്തിലും ബലത്തിലുമാണ് അവ നിർമ്മിക്കുന്നത്.

ഒരിക്കൽ അത്തരമൊരു അണക്കെട്ടിൽ ഒരു വിള്ളൽ ഉണ്ടായി. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ അത് വലുതായി, അണക്കെട്ട് പൊട്ടി വെള്ളം പൊട്ടിപ്പുറപ്പെട്ട് നൂറുകണക്കിനാളുകളുടെ വീടുകൾ നശിക്കാനിടയായി.

പിന്നീടുള്ള അന്വേഷണത്തിലാണ് കാരണം വ്യക്തമായത്. അണക്കെട്ടിന് വെളിയിലുള്ള ഒരു ചെറിയ മരത്തിന്റെ വേരുകൾ വെള്ളത്തിനായുള്ള അന്വേഷണത്തിൽ അണക്കെട്ടിനകത്തേക്ക് ആഴ്ന്നിറങ്ങിയിരുന്നു. അതിൽ ഒരു വേര് അവിടെയിരുന്ന് ചീഞ്ഞ് ഒരു ദ്വാരം സൃഷ്ടിക്കപ്പെട്ടു.

ചിലപ്പോൾ നിസാരമെന്നു തോന്നുന്ന ദുഃശീലം വളർന്ന് ഒരാളിന്റെ വ്യക്തിത്വത്തെ നശിപ്പിക്കുകയും അയാളുടെ സന്തോഷവും സമാധാനവും കവർന്നെടുത്ത് നാശത്തിലേക്കു നയിക്കുകയും ചെയ്യും.

എല്ലാവരും ആഗ്രഹിക്കുന്ന കാര്യമാണ് സമാധാനവും സന്തോഷവും സംതൃപ്തിയുമുള്ള ഒരു ജീവിതം നയിക്കുക എന്നത്. ഇങ്ങനെ അനുഗ്രഹിക്കപ്പെട്ട ഒരു ജീവിതം നയിക്കുന്നതിനു ജ്ഞാനം ആവശ്യമാണ് എന്നു വേദപുസ്തകം പറയുന്നു.

ബൈബിളിലെ സദൃശവാക്യങ്ങൾ ഒന്നാം അദ്ധ്യായം ഏഴാം വാക്യം: യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. ഭോഷന്മാരോ പ്രബോധനവും ജ്ഞാനവും നിരസിക്കുന്നു.

ജീവിതത്തിന്റെ ഉള്ള അവസ്ഥയെ ഉള്ളതുപോലെ കാണുവാനും ദൈവം നമ്മെ സ്നേഹിക്കുന്നതുപോലെ നാം ദൈവത്തെ സ്നേഹിക്കുവാനും ദൈവം പറയുന്ന തനുസരിച്ച് ജീവിക്കുവാനും ഉള്ള കഴിവിനെയാണ് ജ്ഞാനം എന്നു പറയുന്നത്.

ദൈവിക ജ്ഞാനത്തെയും വകതിരിവിനെയും തള്ളിക്കളയുവാനും സ്വീകരിക്കുവാനുമുള്ള സ്വാതന്ത്ര്യം മനുഷ്യന് നൽകിയിരിക്കുന്നതിനാൽ അനേകരും അതിനെ അഗണ്യമായി കരുതി തള്ളിക്കളയുകയാണ് ചെയ്യുന്നത്. തന്മൂലം അവരുടെ ഹൃദയം വിവേകരഹിതമായിത്തീരുന്നു. നിങ്ങൾ ദൈവം നൽകിയിരിക്കുന്ന ഈ ജ്ഞാനത്തെ നിരസിക്കുന്ന ഒരു വ്യക്തിയാണോ? നിങ്ങളുടെ ജീവിതത്തിൽ ദൈവവചനം വായിക്കുവാൻ സമയം വേർതിരിക്കുന്നുണ്ടോ? ദൈവത്തിന്റെ വചനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അനുസരിക്കുന്നുണ്ടോ?

ബുദ്ധിഹീനരേ, നിങ്ങൾ ബുദ്ധിഹീനതയിൽ രസിക്കയും പരിഹാസികളേ, നിങ്ങൾ പരിഹാസത്തിൽ സന്തോഷിക്കുകയും, ഭോഷന്മാരെ നിങ്ങൾ പരിജ്ഞാനത്തെ വെറുക്കുകയും ചെയ്യുന്നത് എത്രത്തോളം? നിങ്ങൾ ഭയപ്പെടുന്നതു നിങ്ങൾക്കു കൊടുങ്കാറ്റുപോലെയും നിങ്ങളുടെ ആപത്ത് ചുഴലിക്കാറ്റു പോലെയും വരുമ്പോൾ, കഷ്ടവും സങ്കടവും നിങ്ങൾക്കു വരുമ്പോൾ തന്നെ. അപ്പോൾ അവർ എന്നെ വിളിക്കും. ഞാൻ ഉത്തരം പറകയില്ല. എന്നെ ജാഗ്രതയോടെ അന്വേഷിക്കും; കണ്ടെത്തുകയുമില്ല. അവർ പരിജ്ഞാനത്തെ വെറുത്തല്ലോ. യഹോവഭക്തിയെ തിരഞ്ഞെടുത്തതുമില്ല എന്നും ദൈവവചനത്തിൽ വായിക്കുന്നു. ഇതു വളരെ ഘനമേറിയ വാക്കുകളാണ്. ചിലപ്പോൾ ഇതു വായിക്കുന്ന നിങ്ങളുടെ ജീവിതത്തിൽ ഇതു നിറവേറിക്കൊണ്ടിരിക്കുകയായിരിക്കാം.

ദൈവികാനുഭവത്തിൽ ജീവിച്ചാൽ സമൃദ്ധമായ ജീവിതം നയിക്കുവാനുള്ള പരിജ്ഞാനം ദൈവം നമുക്കു തരും. ബുദ്ധിയും വിവേകവും ഉപയോഗിക്കേണ്ടതിനെപ്പറ്റി ക്രിസ്തു പറഞ്ഞ സാദൃശ്യ പാഠം ഇങ്ങനെയാണ്. ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു, നദികൾ പൊങ്ങി, കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലച്ചു; അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടുപണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു, നദികൾ പൊങ്ങി കാറ്റു അടിച്ചു ഈ വീട്ടിന്മേൽ അലച്ചു. അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു.

അന്വേഷിക്കേണ്ട കാലത്ത് ദൈവത്തെ അന്വേഷിക്കയും അവിടുത്തെ പരിജ്ഞാനത്തിൽ ജീവിക്കുകയും ചെയ്യണം. ജീവിതത്തെ നശിപ്പിക്കുന്ന പാപങ്ങൾ ഉപേക്ഷിക്കുവാൻ നാം തയാറാകണം. പാപത്തെ ഉപേക്ഷിച്ച് ദൈവിക പരിജ്ഞാനത്തിൽ സമാധാനവും സന്തോഷവുമുള്ള സമൃദ്ധമായ ജീവിതം കരഗതമാക്കി നിത്യതയെ നോക്കി യാത്ര ചെയ്യുവാൻ ഈ പുതുവർഷത്തിൽ നിങ്ങൾക്കു കഴിയട്ടെ.



## ഡയലോഗ്
ടൈറ്റസ് കാർത്തികപ്പള്ളി

☺ ദൈവത്തെ വിളിച്ചാൽ ദൈവം പണം തരും എന്ന സമൃദ്ധിയുടെ സിദ്ധാന്തം ഏതു മണ്ടന്റെ തലയിലുദിച്ച ആശയമാണ്.

വിനു ഏബ്രഹാം, തലക്കോട്, കോതമംഗലം, എറണാകുളം

☹ **ഇത് മണ്ടന്മാർക്കുവേണ്ടി പിശാചിനാൽ നടത്തപ്പെടുന്ന മണ്ടത്തരം.**

☺ പണ്ട് സ്ത്രീകൾ തങ്ങളുടെ മാനത്തിന് വില കല്പിച്ചിരുന്നു. ഇന്നോ.

ഏലിയാമ്മ ഈശോ, തുവയൂർ, കടമ്പനാട്, പത്തനംതിട്ട

☹ **ഇന്ന് സ്ത്രീകൾ അവരുടെ മാനത്തിന്റെ വില തിരിച്ചറിഞ്ഞ് ജി.എസ്.ടി. സഹിതം ഈടാക്കാൻ തുടങ്ങിയിരിക്കുന്നു.**

☺ സാത്താനെ ഉപേക്ഷിച്ച് യേശുവിനെ ഉള്ളത്തിൽ സ്വീകരിച്ചു എന്ന് പറയുന്ന വിശ്വാസിയുടെ ഇപ്പോത്തെ അവസ്ഥ.

ലീലാ ഫിലിപ്പ്, വലിയകണ്ടം, കുമളി, ഇടുക്കി.

☹ **പിടിവിടാതെ അള്ളിപിടിച്ച് സാത്താനും താങ്ങിപ്പിടിച്ച് വിശ്വാസിയും.**

☺ ചെറുപ്രായത്തിൽ ഗാന്ധിജിയും മുതിർന്നപ്പോൾ യേശുവുമാണ് തന്നെ സ്വാധീനിച്ചതെന്ന് ഒരു സഭാനേതാവ്.

ജോസ് ബേബി, ഒഴുവൻ പാറ, കാരിക്കുളം, റാന്നി

☹ **അതെ അപ്പന്റെ പേഴ്സിലെ ഗാന്ധിയിൽ നിന്നാണ് തുടക്കം.**

☺ ദൈവീക കാര്യങ്ങൾ പറയുകയും സാത്താന്റെ പണി ചെയ്യുകയും ചെയ്യുന്നതെന്തുകൊണ്ടാണെന്ന് കമ്മ്യൂണിസ്റ്റുകാരനായ എനിക്കൊന്നു പറഞ്ഞുതരാമോ.

മോനി ശാമുവേൽ, വെള്ളൂർ, പാമ്പാടി, കോട്ടയം

☹ **ഇത് റാഡിക്കലായ ഒരു മാറ്റമായി കാണണ്ട. പ്രഥമ ദൃഷ്ടിയിൽ സാത്താനുമായി അകലം പാലിക്കുന്നു എന്നു തോന്നുമെങ്കിലും ഇവർക്കിടയിലുള്ള അന്ധർധാര സജീവമാണെന്നു വേണം കരുതാൻ.**

☺ പ്രസംഗ-പ്രവചന മേഖലയിലേക്ക് തള്ളിക്കയറാൻ ദൈവദാസന്മാർ ശ്രമിക്കുന്നതിനു കാരണം.

ഷീബ അലക്സ്, പള്ളത്ത്, മുളക്കുഴ, ചെങ്ങന്നൂർ

☹ **സുഖഭോഗങ്ങളുടെ സ്വപ്നലോകമാണ് അത് വാഗ്ദാനം ചെയ്യുന്നത്.**

# ഇങ്ങനെയും ഒരു കാലം

**തുടർച്ച 5**

കേരളത്തിലെ ഏക നമ്പൂതിരി രാജ്യം ചെമ്പകശേരിയും മുസ്ലീം രാജവംശം അറയ്ക്കലേതുമായിരുന്നു. കോട്ടയം ജില്ലയിലെ പൂഞ്ഞാർ രാജ്യം മധുരയിൽനിന്നുവന്ന പാണ്ഡ്യരാജാക്കന്മാർ തെക്കുംകൂർ, വടക്കുംകൂർ രാജാക്കന്മാരോട് വിലയ്ക്കുവാങ്ങി സ്ഥാപിച്ചതാണ്.



കേരളം പല രാജ്യങ്ങളായി തിരിഞ്ഞു കിടന്നത് പലതുകൊണ്ടും സൗകര്യമായി കരുതിയിരുന്നവരുണ്ട്. ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്കു രക്ഷപ്പെടാൻ ഒന്നോടിയാലോ ഒരു വള്ളം കയറിയാലോ മതിയായിരുന്നു! ഷൊർണൂരിൽ നിന്നു കൊച്ചിയിലേക്ക് തീവണ്ടിപ്പാളമിടാൻ പണ്ട് കൊച്ചിരാജാവിന് തിരുവിതാംകൂർ രാജാവിന്റെ അനുവാദം വേണമായിരുന്നു. അങ്കമാലി, തിരുവിതാംകൂർ രാജ്യത്തായിരുന്നുവല്ലോ. കൊച്ചിരാജാവായിരുന്ന ശക്തൻ തമ്പുരാൻ പലവട്ടം തിരുവിതാംകൂറിലെ വൈക്കം ക്ഷേത്രത്തിലും ആലുവായിലും വേഷം മാറി വന്ന് തൊഴുതുമടങ്ങിയിട്ടുണ്ടെന്നു കഥകളുണ്ട്.

വൈക്കത്ത് സർക്കാരിനെതിരെ പ്രസംഗിച്ചിട്ട് 'വിദേശരാജ്യമായ' എറണാകുളത്തേക്ക് വണ്ടികയറുന്നവരെക്കുറിച്ച് ബഷീർ സൂചിപ്പിച്ചിട്ടുണ്ട്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ 'നാടുകടത്തി' എന്നു പറയാറുണ്ടെങ്കിലും മലയാളം പറയുന്ന രാജ്യത്തായിരുന്നു (കണ്ണൂരിൽ) അദ്ദേഹം കഴിഞ്ഞിരുന്നത്. (തുടരും)




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew